2

# ജീവിക്കേണ്ടതായ ഒരു ജീവിതം

## (1 തിമൊഥെയൊസ് 2)

*“അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവുമാകുന്നു” (1 തിമൊഥെയൊസ് 2:3).*

ദൈവവചനം, അതിന്റെ വലിയ രക്ഷിക്കുന്ന ശക്തിയോടെ, പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരു ജീവിതരീതി നല്കുന്നുണ്ട്. സ്വാഭാവികമായി, പാപികളിൽ പ്രധാനിയായവനെ രക്ഷിക്കുവാനും, അവനെ സേവനത്തിനു ഉപയോഗിക്കുവാനും ദൈവത്തിന് ആഗ്രഹമുണ്ടെങ്കിൽ (1:12–16), *എല്ലാവരേയും* രക്ഷിക്കുവാനും ദൈവം ആഗ്രഹിക്കും (2 പത്രൊസ് 3:9). ദൈവത്തിന്റെ വലുതും വിശാലവുമായ ആഹ്വാനം പുരുഷന്മാർ പ്രാർത്ഥിക്കണം എന്നാണ് (2:1, 2),[1] അതിനു ഒരു മദ്ധ്യസ്ഥനെയും സന്ദേശത്തെയും നല്കി (2:3–7), സ്ത്രീ പുരുഷന്മാർക്കു വെല്ലുവിളിയായി ഓരോ ജീവിതരീതിയും നല്കി (2:8–15).

**പാഠം 4: പ്രാർത്ഥനയുടെ മുൻഗണന (2:1, 2)**

### ജീവിതത്തിന്റെ എല്ലാ മേഖലകൾക്കുവേണ്ടിയുമുള്ള പ്രാർത്ഥന (വാ. 1)

സകല സൃഷ്ടികളുടേയും അടുക്കൽ പോകുക എന്ന ക്രിസ്തുവിന്റെ ആജ്ഞ (മർക്കൊസ് 16:15, 16) എപ്പോഴും പരിമിത മനസ്സുകൾക്കു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കും. നമുക്കു ദൈവ സഹായം ആവശ്യമാണ്. അതുകൊണ്ടു, പൗലൊസ് തിമൊഥെയൊസിനെയും നമ്മെയും “ആദ്യം” പ്രാർത്ഥിക്കുവാനാണ് പ്രബോധിപ്പിക്കുന്നത്.

നാം എല്ലാ ആളുകളേയും കാണുവാൻ പോകുമ്പോൾ, പ്രഥമമായ ആവശ്യം പ്രാർത്ഥനയാണ്. പ്രാർത്ഥനയിൽ യാചനകൾ[2] അടക്കം, ധാരാളം ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. ദൈവ സഹായത്തിന്റെ ആവശ്യം നാം തിരിച്ചറിയുന്നതു, നമുക്കു തെറ്റിദ്ധാരണയുണ്ടാകുമ്പോഴാണ് (നോക്കുക 2 കൊരിന്ത്യർ 3:4, 5; മത്തായി 7:7, 8). അതുകൊണ്ട്, നാം “പ്രാർത്ഥന”[3] അർപ്പിക്കുന്നു. ദൈവത്തോടു സംസാരിക്കുവാനുള്ള സ്വാ

ഭാവിക ആഗ്രഹത്തിന്റെ ഫലമായുള്ളതാണ് നമ്മുടെ യാചനകൾ. അടിസ്ഥാനപരമായി അതാണ് പ്രാർത്ഥന. നാം ദൈവത്തോടു സംസാരിക്കുന്നതിൽ "അന്യനുവേണ്ടി വാദിക്കലും"[4] ഉൾപ്പെട്ടിരിക്കുന്നു. പ്രാർത്ഥന വാസ്തവത്തിലുള്ള ആവശ്യവും (ഒരു അഭ്യർത്ഥന) സഹകരണവും പ്രകടമാക്കുന്നു (ദൈവേഷ്ടം നടത്തുവാൻ ആഗ്രഹം ഉള്ള മനോഭാവം; നോക്കുക മത്തായി 26:39, 42; യോഹന്നാൻ 5:30; 6:38). ദൈവത്തോടു ചേർന്നു പ്രവർത്തിക്കുന്നതും, സഹായത്തിനു ദൈവത്തോടു അപേക്ഷിക്കുന്നതും എത്ര മഹത്തായ നേട്ടമാണ്!

> നീ ഒരു രാജാവിന്റെ അടുക്കലേക്കാണ് വരുന്നതു;
> നീ വലിയ പരാതികളുമായിട്ടാണ് വരുന്നതു;
> കാരണം അവന്റെ കൃപയും ശക്തിയും അത്രമാത്രമുണ്ട്,
> അത് ആർക്കും അധികം ചോദിക്കാനാകാത്ത വിധമാണ്.[5]

പ്രാർത്ഥന മുഖാന്തരം ലഭിക്കുന്ന ഈ മഹത്തായ സാധ്യതകൾ നമ്മുടെ പ്രാർത്ഥനയിൽ "സ്തുതി"[6] ഉൾപ്പെടുത്തേണ്ടത് ഒരു സ്വാഭാവിക ആവശ്യമായി തീർക്കുന്നു. നാം ദൈവത്തോടു കൂടെ പ്രവർത്തിക്കേണ്ട ആവശ്യകതയും നേട്ടവും സംബന്ധിച്ചു പരിഗണിക്കുമ്പോൾ, നാം "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു *എല്ലായ്പ്പോഴും എല്ലാറ്റി*നുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ" എന്നു പൗലൊസ് കല്പിച്ചിരിക്കുന്നതു എത്ര അനുയോജ്യം (എഫെസ്യർ 5:20; എംഫസിസ് മൈൻ).

### എല്ലാ ആളുകൾക്കും വേണ്ടിയുള്ള പ്രാർത്ഥന (വാ. 1, 2)

നാം എവിടെ പോയാലും, പ്രാർത്ഥന ആവശ്യമില്ലാത്ത ആളെ നാം ഒരിക്കലും കാണുകയില്ല. പ്രാർത്ഥന "എല്ലാ ആളുകൾക്കും" ഉള്ളതാണ്.

നമ്മെ ഭരിക്കുന്നവർക്കു നാം പ്രത്യേക അംഗീകാരം നല്കണം, അത് നാം "രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും" വേണ്ടി പ്രാർത്ഥിക്കുന്നതുപോലെയാണ് (2:2). ക്രിസ്ത്യാനികൾ എവിടെ താമസിച്ചാലും ഏതു ഭരണാധികാരിയുടെ കീഴിലായാലും ഈ പ്രബോധനത്തോടു അവർക്ക് സന്തോഷത്തോടെ പ്രതികരിക്കുവാൻ കഴിയും. വില്യം ബാർക്ക്ലേ കുറിച്ചിരിക്കുന്നു:

> പ്രാർത്ഥന നമുക്കു നല്കുന്ന വിവിധവും വിശാലവുമായ സാധ്യതകൾ കൊണ്ടാണ് അവർക്ക് അതു ചെയ്യുവാൻ കഴിയുന്നതു. ഭരണാധികാരി ദുഷ്ടനാണെങ്കിൽ, അയാളുടെ രക്ഷക്കു വേണ്ടി പ്രാർത്ഥിക്കുക. അയാൾ ക്രൂരൻ ആണെങ്കിൽ, അയാളുടെ സുബുദ്ധിക്കുവേണ്ടി പ്രാർത്ഥിക്കുക. അയാൾ അത്യധികം മോഹിക്കുന്ന ആളാണെങ്കിൽ, അയാളുടെ ആത്മശുദ്ധിക്കായി പ്രാർത്ഥിക്കുക. അയാൾ രോഗി ആണെങ്കിൽ, അയാളുടെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുക. അയാൾ സമ്മർദ്ദത്തിൽ ആണെങ്കിൽ, അയാൾക്കു ആത്മ - നിയന്ത്രണവും സഹനശക്തിയും ഉണ്ടാകുവാൻ പ്രാർത്ഥി

ക്കണം. അയാൾ നല്ലവനാണെങ്കിൽ, ആ നില സ്ഥിരമായി തുടരുവാൻ വേണ്ടി പ്രാർത്ഥിക്കുക! തെർത്തൂലിയൻ എഴുതി: "ക്രിസ്ത്യാനി ആരുടേയും ശത്രുവല്ല, ചക്രവർത്തിയുടെ ഏറ്റവും ചെറിയവരിൽ പോലും, അയാൾ ദൈവത്താൽ നിയമിക്കപ്പെട്ടതു കൊണ്ടു, നാം അയാളെയും ... സാമ്രാജ്യത്തെ മുഴുവനായും, സ്നേഹിക്കയും, ബഹുമാനിക്കയും, ആദരിക്കയും, അയാളുടെ സുരക്ഷിതത്വം ആഗ്രഹിക്കയും ചെയ്യേണ്ടത് ആവശ്യമാണെന്ന്, നമുക്ക് അറിയാം." [7]

## ക്ഷോഭ-രഹിതവും, കലഹ-രഹിതവുമായ അന്തരീക്ഷത്തിനു വേണ്ടി പ്രാർത്ഥിക്കുക (വാ. 2)

"സ്വസ്ഥവും"[8] "സാവധാനതയുമുള്ള"[9] ജീവിതത്തിനായി നാം പ്രാർത്ഥിക്കണം. "സ്വസ്ഥത" കൊണ്ടുദ്ദേശിക്കുന്നതു ക്ഷോഭ–രഹിതമായ സ്ഥലമാണ്. "സാവധാനത" എന്നതു മാനുഷിക പോരാട്ടത്തിൽ നിന്നും എതിർപ്പുകളിൽ നിന്നുമുള്ള മോചനത്തെയാണ് പ്രത്യേകമായി സൂചിപ്പിക്കുന്നത്. പൗലൊസ്, വാക്യങ്ങൾ 3 മുതൽ 5 വരെ പറയുന്നതായ ദൈവത്തിന്റെ നല്ല ലക്ഷ്യത്തെ ആളുകൾക്കും സാഹചര്യങ്ങൾക്കും തടസ്സപ്പെടുത്താം – അതായത് എല്ലാ മനുഷ്യരും രക്ഷപ്രാപിക്കയും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുകയും വേണം.

ആഗ്രഹിക്കത്തക്ക അന്തരീക്ഷം ലഭിക്കുവാൻ രണ്ടു സദ്ഗുണങ്ങൾ അതിനുണ്ടാവണം: "എല്ലാ ദൈവഭക്തിയും" (ദൈവത്തോടു അടുക്കൽ) ധീരതയും[10] (അന്യോന്യം അടുക്കൽ). "ഗുരുതരമായ" വ്യക്തി "ലോകത്തിലൂടെ സഞ്ചരിക്കുന്നത് ... ജീവനുള്ള ദൈവത്തിന്റെ ആലയമായിരുന്നു ലോകം എന്ന വിധത്തിലാണ്. ദൈവത്തിന്റെ വിശുദ്ധിയും മനുഷ്യന്റെ അന്തസ്സും അയാൾ ഒരിക്കലും മറക്കരുത്. അവന് ദൈവത്തോടും മനുഷ്യരോടുമുള്ള മനോഭാവം ശരിയായതാണ്."[11]

നമ്മുടെ ചുറ്റുപാടുകളിൽ കൊലയും, വീടുകളിൽ യുദ്ധവും, വിവിധങ്ങളായ ലൈംഗിക പീഢനങ്ങളും, ഭ്രൂണഹത്യയും മാനഭംഗവും, കവർച്ചയും, ഭീഷണികളും, തീവ്രവാദവും, അക്രമവും പെരുകുകയും അവയൊക്കെ നാം ശ്വസിക്കുന്ന വായു പോലെ സാധാരണയായി തീരുകയും ചെയ്യുന്ന അവസ്ഥയിൽ സുവിശേഷകന്മാർ ഇന്ന് ക്രിസ്ത്യാനികളോടു പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നതു എത്ര ഉചിതമാണ്! ആളുകൾ പ്രശ്നങ്ങളാൽ കലങ്ങി മറിഞ്ഞ് അയൽക്കാരെ വിശ്വസിക്കുവാൻ പറ്റാത്ത അന്തരീക്ഷത്തിൽ രാത്രിയിൽ ഒറ്റയ്ക്കു നടക്കുന്ന സാഹസത്തിനു അവർ ധൈര്യപ്പെടാതിരിക്കുമ്പോൾ അവർക്ക് "സുവാർത്ത" പോലും കേൾക്കുവാൻ കഴിയുകയില്ല! *സുവിശേഷത്തിനു പ്രേരകമായ അന്തരീക്ഷം ഉണ്ടാകുവാൻ വേണ്ടി പൗലൊസ് അപേക്ഷിക്കുകയായിരുന്നു.* നാം ആ അന്തരീക്ഷത്തിനുവേണ്ടി പ്രാർത്ഥിച്ചില്ലെങ്കിൽ നമുക്ക് അതു ലഭിക്കുകയില്ല.

## പാഠം 5: ഒരു പദ്ധതിയുടെ ലഭ്യത (2:3-7)

### സകല മനുഷ്യർക്കുമുള്ള ഒരു പദ്ധതി (വാ. 3, 4)

പ്രാർത്ഥന എല്ലാവർക്കും വേണ്ടിയുള്ളതാണെന്നു മാത്രമല്ല, ദൈവത്തിന്റെ പദ്ധതിയും സകല മനുഷ്യർക്കുമുള്ളതാണ്. അവന്റെ കൃപ "രക്ഷിക്കപ്പെടുവാൻ" സകല മനുഷ്യർക്കും മതിയായതാണ്. യേശു മരിച്ചതു എല്ലാവർക്കും വേണ്ടിയാണ് (2 കൊരിന്ത്യർ 5:14, 15), അവൻ സകല മനുഷ്യർക്കും വേണ്ടിയാണ് നമ്മെ അയക്കുന്നത് (മർക്കൊസ് 16:15, 16; മത്തായി 28:18-20), സുവിശേഷം സകല മനുഷ്യർക്കും ലഭ്യവുമാക്കി (യൂദാ 3). ആ സുവിശേഷത്താലാണ് സകല മനുഷ്യരെയും വിധിക്കുന്നതും (റോമർ 14:10-12; 2 കൊരിന്ത്യർ 5:10).

കഴിഞ്ഞ കാലത്തെ ശുദ്ധമാക്കി കൊണ്ടാണ് ആത്മാക്കളെ പാപത്തിൽ നിന്നു രക്ഷിക്കുന്നത് (പ്രവൃത്തികൾ 2:38; 22:16). സകല മനുഷ്യരും "സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തണമെന്നതും" ദൈവ പദ്ധതിയാണ് (2:4). ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റശേഷം പലരും സഹോദരന്മാരെ തയ്യാറെടുപ്പിക്കുന്നതും പക്വതയിലെത്തിക്കുന്നതുമായ ആ പ്രധാനമേഖലയിൽ പരാജയപ്പെടുന്നുണ്ട് (നോക്കുക മത്തായി 28:18-20; 1 പത്രൊസ് 1:22-2:2). സഹോദരന്മാർ അജ്ഞരായിരിക്കണമെന്നു പൗലൊസ് ആഗ്രഹിച്ചില്ല (1 കൊരിന്ത്യർ 10:1; 12:1). *അവർക്കു എന്തു ലഭിക്കുവാൻ പ്രാപ്തമാകേണമോ അതു പൗലൊസ് അവരെ പഠിപ്പിച്ചു* (1 കൊരിന്ത്യർ 3:2; യോഹന്നാൻ 16:12, 13; എബ്രായർ 5:11-14). ഈ പ്രധാനജോലിയായ അംഗങ്ങളെ പക്വതയിലാക്കുന്നത്, കൂടുതൽ സുവിശേഷകന്മാർ ചെയ്യുവാൻ തയ്യാറാകുകയും - പിന്നെ ചെയ്യുന്നതു വരെ - ബലഹീന സഹോദരങ്ങൾ സാധാരണ പോലെയിരിക്കയും, നമുക്ക് അപക്വമായ ഇടവകകൾ ഉണ്ടാവുന്നത് തുടരുകയും ചെയ്യും!

### ഏക ഉറവിടത്തിൽ കൂടെയുള്ള ഒരു പദ്ധതി (വാ. 5)

എല്ലാവർക്കും ഏക മറുവില കൊടുക്കുന്ന, ഏക മദ്ധ്യസ്ഥൻ മുഖാന്തരമുള്ള ഏക ദൈവത്തിന്റെ രക്ഷാപദ്ധതിയാണു നമുക്ക് ഉള്ളത്. ഈ മഹത്തായ പദ്ധതിയുടെ ഉറവിടം *ഏക ദൈവമാണ്*. മനുഷ്യർക്കിടയിൽ ഐക്യത ഉണ്ടാക്കുന്നതിനുമുൻപു "ഏക ദൈവത്തിന്റെ" ദിവ്യത്വത്തെ നാം തിരിച്ചറിയണം. യഹോവ യെഹൂദന്മാരുടെ ദൈവം മാത്രമല്ല, ജാതികളുടേയും ദൈവമത്രേ (റോമർ 3:29, 30). മനുഷ്യനു പിന്നെ മറ്റൊന്നിന്റെ ആവശ്യം എന്താണ്? അവൻ നിത്യനാണ് (സങ്കീർത്തനങ്ങൾ 90:1, 2; 1 യോഹന്നാൻ 1:1-3), സർവ്വ - ശക്തനും, സർവ്വജ്ഞാനിയും (ഇയ്യോബ് 42:1, 2; 1 തിമൊഥെയൊസ് 6:15; സങ്കീർത്തനങ്ങൾ 66:5-7). ദൈവം സ്നേഹം ആകുന്നു (1 യോഹന്നാൻ 4:8). ആ ഏക ദൈവത്തോടു നമുക്കു ബന്ധപ്പെടുവാൻ കഴിയും എന്നുള്ളതുകൊണ്ടു നമുക്കു സന്തോഷിക്കാം.

| | |
|---|---|
| അവൻ എല്ലാറ്റിലും മേൽ. | അവന്റെ ശക്തി |
| സകലവും അവൻ മുഖാന്തരം. | അവന്റെ കരുണ (എഫെസ്യർ 4:6; 2 കൊരിന്ത്യർ 2:14) |
| സകലത്തിലും അവനുണ്ട്. | അവന്റെ സാന്നിധ്യം |

### ഏക രക്ഷകനോടുകൂടെയുള്ള പദ്ധതി (വാ. 6)

ഈ പദ്ധതിയിലെ രക്ഷകൻ "ഏക മദ്ധ്യസ്ഥനാണ്."[12] പക്ഷവാദം ചെയ്യുന്നവർ അനേകർ ഉണ്ടായേക്കാം (നോക്കുക 1 തിമൊഥെയൊസ് 2:1, 2; റോമർ 8:26, 27), എന്നാൽ *ഏക മദ്ധ്യസ്ഥനേ* നമുക്ക് ഉള്ളൂ. ആ ഏകൻ പുരുഷനാണ്, സ്ത്രീ അല്ല. ചിലർ അവന്റെ അമ്മയായ, മറിയയെ, ആ സ്ഥാനത്തു വെക്കുന്നുണ്ട്. എങ്ങനെയായാലും, മറിയ ദൈവത്തെ *കർത്താവായി* ഉയർത്തുകയും "ദൈവം എന്റെ രക്ഷകൻ" എന്നു പറഞ്ഞു അവനിൽ സന്തോഷിക്കയും ചെയ്തു (ലൂക്കൊസ് 1:46, 47). യോഹന്നാൻ 2:5-ൽ അവൾ അവിടെ ഉണ്ടായിരുന്നവരോടു പറഞ്ഞു, "അവൻ [യേശു] നിങ്ങളോടു എന്തെങ്കിലും പറഞ്ഞാൽ, അതു ചെയ്‌വിൻ." അവൾ ആ അവസരത്തിൽ അവരോടു പറഞ്ഞതുപോലെ നാമും അവൾ പറഞ്ഞതു ചെയ്യണം. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേയുള്ള ആ *ഏക മദ്ധ്യസ്ഥനെ* മറിയ ഒരിക്കലും മാറ്റിയതായി കാണുന്നില്ല.[13]

നമ്മുടെ വീണ്ടെടുപ്പു സാധ്യമായതിനു കാരണം ഏക കാര്യസ്ഥൻ, അഥവാ ഏക മദ്ധ്യസ്ഥൻ, നമുക്കു എല്ലാവർക്കുംവേണ്ടി മറുവിലയായി തീർന്നതു മുഖാന്തരം മാത്രമാണ് (വില കൊടുത്തത്; നോക്കുക 1 യോഹന്നാൻ 2:1, 2). *എന്തൊരു വിരോധാഭാസം!* പാപം ചെയ്യാത്തവൻ എല്ലാവരുടെ പാപവും തന്റെ ശരീരത്തിൽ വഹിച്ചു (1 പത്രൊസ് 2:21-24). മറുവിലയായി തീരുന്നത് അവനെ സംബന്ധിച്ച് എത്ര അന്യായമായിരുന്നു, എന്നാൽ നമ്മെ സംബന്ധിച്ചു അവന്റെ വീണ്ടെടുപ്പു എത്ര മഹത്വകരമായിത്തീർന്നു (1 പത്രൊസ് 1:18-21; എബ്രായർ 4:15, 16; 7:25-27; എഫെസ്യർ 1:3-7)! തൽഫലമായി, നമുക്കു മതിയായതു നല്കിയ രക്ഷകനെയും ഉറവിടത്തെയും എക്കാലവും സ്തുതിക്കുന്ന, നന്ദിയുള്ള ഹൃദയമുള്ളവരാകണം നാം (വെളിപ്പാട് 5:9-14; 7:9-12).

### ഒരു സുവിശേഷകനായിരുന്ന പൗലൊസ്, ഒരു പദ്ധതി പ്രഖ്യാപിച്ചു (വാ. 7)

പൗലൊസ് ഈ പദ്ധതിയുടെ ഭാഗമായത് നിയമനത്താലാണ്,[14] അതു ഒരു "ഉപദേഷ്ടാവായി"[15] അവനെ നിയമിച്ചപ്പോഴാണ്. മറ്റൊരാളുടെ സന്ദേശത്തെ പ്രഖ്യാപിക്കുക അല്ലെങ്കിൽ അറിയിക്കുക എന്നതായിരുന്നു ഈ പദ്ധതിയിൽ ഉപദേഷ്ടാവ് എന്ന രീതിയിൽ പൗലൊസിന്റെ പങ്ക്.

പൗലൊസിനെ ഒരു "അപ്പൊസ്തലൻ"[16] ആയും നിയമിച്ചിരുന്നു. അതിനർത്ഥം അവൻ ആ കല്പനകളെ പ്രഖ്യാപിക്കുക മാത്രമായിരുന്നില്ല എന്നാൽ കല്പനകൾ കൊടുത്തയച്ചവനെ പ്രതിനിധാനം ചെയ്യുവാനുള്ള അധികാരവും കൂടി അവന് ഉണ്ടായിരുന്നു (ശ്രദ്ധിക്കുക യോഹ

ന്നാൻ 13:20; 17:8, 18–21; മത്തായി 10:40).

പുറമെ, പൗലൊസിനെ ഒരു “ടീച്ചർ” ആയും നിയമിച്ചിരുന്നു. ആ മൂന്നു നിയമനങ്ങളും ഒന്നിനൊന്നു വ്യത്യസ്തമായി കാണണമെങ്കിൽ, ഉപദേഷ്ടാവു, അല്ലെങ്കിൽ *പ്രഖ്യാപിക്കുന്നവൻ* സന്ദേശം അറിയിക്കണം; അപ്പൊസ്തലൻ ദൈവിക അധികാരത്താൽ അതിന്റെ പ്രാധാന്യം ശ്രോതാക്കളെ *വിശ്വസിപ്പിക്കണം*; അദ്ധ്യാപകൻ – അവന്റെ തൊഴിലിൽ ഒരു യജമാനനായി – നല്കപ്പെട്ട കല്പനകൾ അഥവാ വിവരങ്ങൾ വിദ്യാർത്ഥികളിൽ *ഉറപ്പിക്കുവാൻ* അവരെ പ്രാപ്തരാക്കണം. ഉപദേഷ്ടാവു ശ്രോതാക്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു, അപ്പൊസ്തലൻ വിഷയത്തിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തുന്നു, ടീച്ചർ സന്ദേശത്തിൽ അടങ്ങിയ കാര്യങ്ങളെ വ്യക്തമാക്കി കൊടുക്കുന്നു (നോക്കുക പ്രവൃത്തികൾ 8:29–39; റോമർ 10:13–15). തീർച്ചയായും, അവയെല്ലാം ചെയ്യുന്നതിനു[17] പൗലൊസ് പ്രാപ്തനായിരുന്നു. മറ്റുള്ളവർ *എങ്ങനെ* നടക്കണം എന്നു അവൻ അവരെ ഉപദേശിച്ചിരുന്നു (“വിശ്വാസത്തിൽ”; 2:7; 1:4, 5, 19; 2 കൊരിന്ത്യർ 5:7) അവർ *എന്തിലാണ്* നടക്കേണ്ടതു എന്നും നിർദ്ദേശിച്ചിരുന്നു (“സത്യത്തിൽ”; യോഹന്നാൻ 14:6; 2 പത്രൊസ് 2:21, 22; സങ്കീർത്തനങ്ങൾ 119:105).

*ഏഴു തന്ത്രപ്രധാനമായ വിഷയങ്ങൾ* ഈ അദ്ധ്യായത്തിൽ പരിചയപ്പെടുത്തുന്നുണ്ട്, സുവിശേഷകന്മാർ അവയെ ശ്രദ്ധിക്കേണ്ടതുമുണ്ട്: (1) പ്രാർത്ഥന, (2) *സകല* മനുഷ്യരേയും കുറിച്ചുള്ള ബോധം, (3) ദൈവപദ്ധതിയെ കുറിച്ചുള്ള തിരിച്ചറിവു, (4) ക്രിസ്തുവിന്റെ സ്ഥാനം (ഏക മദ്ധ്യസ്ഥൻ), (5) പൗലൊസിന്റെ ഉദ്ദേശവും പ്രഖ്യാപനവും, (6) മാനുഷ നടപടി (“നമ്മുടെ വിശ്വാസം”; 1 യോഹന്നാൻ 5:4), (7) എഴുതപ്പെട്ട പാത (യോഹന്നാൻ 5:39, 40; 2 യോഹന്നാൻ 9).

## പാഠം 6: സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള മാതൃക (2:8-15)

### പുരുഷന്മാരുടെ രീതി (വാ. 8)

ഈ സന്ദർഭത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യം വീണ്ടും ഊന്നി പറയുന്നുണ്ട്. പുരുഷന്മാർ[18] പ്രാർത്ഥിക്കുവാനാണ് പൗലൊസ് ആഗ്രഹിച്ചത് (“എല്ലായിടത്തും”; 2:8). തീർച്ചയായും, ഇതെഴുതുമ്പോൾ പ്രാർത്ഥനക്കു ചില സ്ഥലങ്ങളിൽ സ്ത്രീകളെ മാറ്റിനിർത്തുക എന്നല്ല, എന്നാൽ പുരുഷന്മാർ *ഏതു സ്ഥലത്തും* പ്രാർത്ഥിക്കുവാൻ ഒരുങ്ങിയിരിക്കണം എന്നാണ് പൗലൊസ് പറയുന്നത്. ഒരു സമൂഹ ആരാധനയിൽ മറ്റൊരു ഗ്രൂപ്പിലെ മതാദ്ധ്യക്ഷൻ സന്നിഹിതനായ അവസരത്തിൽ പ്രാർത്ഥിക്കുന്നതിനെ കുറിച്ചു രസകരമായ ചർച്ചകൾ ഉണ്ടായി. ഒരാൾക്ക് മറ്റൊരു മതപരമായ കൂട്ടത്തിന്റെ ആരാധനയിൽ പങ്കെടുത്ത് അവിടെ “പ്രാർത്ഥന നയിക്കുവാൻ” ഉള്ള ക്ഷണം സ്വീകരിക്കാമോ? ഒരാൾ പ്രാർത്ഥനയിൽ എന്തു പറയുന്നു എന്നതും എങ്ങനെ പറയുന്നു എന്നതും ഉയരത്തിൽ നിന്നുള്ള ജ്ഞാനത്താൽ പരിശോധിക്കേണ്ടതു ആവശ്യമാണ്, നമ്മുടെ സ്വാധീനം തെറ്റായ വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതാകരുത്; എന്നാൽ പൗലൊസ് ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നത് പുരുഷ

ന്മാർ *എല്ലായിടത്തും* പ്രാർത്ഥിക്കണം എന്ന ആത്മാവിനാൽ – നയിക്കപ്പെട്ട ആഗ്രഹം അവൻ പ്രകടിപ്പിച്ചപ്പോഴാണ്.

തടവിൽ കഠിന ഹൃദയരായ കുറ്റവാളികൾ കേൾക്കെ, പൗലൊസ് പ്രാർത്ഥിച്ചിരുന്നു (പ്രവൃത്തികൾ 16:24, 25). നമ്മെ ഉപദ്രവിക്കുന്നവർക്കു വേണ്ടി നാം പ്രാർത്ഥിക്കണം (മത്തായി 5:44). നാം അന്യോന്യം പ്രാർത്ഥിക്കണം (യാക്കൊബ് 5:16–18). നാം എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്യുന്നവരാകണം (എഫെസ്യർ 5:20). നാം "ഇടവിടാതെ" പ്രാർത്ഥിക്കണം (1 തെസലൊനിക്യർ 5:17). അതുകൊണ്ടു, എല്ലായിടത്തും പുരുഷന്മാർ പ്രാർത്ഥിക്കുവാൻ പൗലൊസ് പറഞ്ഞതിൽ, അതിശയിക്കുവാനില്ല!

പൗലൊസ് പ്രാഥമികമായി പരിഗണന നൽകുന്നത് പ്രാർത്ഥിക്കുന്ന ആളുകളുടെ സ്വഭാവത്തിനും മനോഭാവത്തിനുമാണ്. പുരുഷന്മാർ "വിശുദ്ധ കൈകളെ" ഉയർത്തുവാൻ പൗലൊസ് ആവശ്യപ്പെടുന്നു. യെഹൂദന്മാർ പലപ്പോഴും ആ രീതിയിൽ ആയിരുന്നു പ്രാർത്ഥിച്ചത്. ദൈവം ആഗ്രഹിക്കുന്നതു – "വിശുദ്ധ കൈകൾ" ആണെന്നതാണ് നിബന്ധന.

"വിശുദ്ധ[19] കൈകൾ" ഉള്ള മനുഷ്യൻ എവിടെ പോയാലും ദൈവബോധം (യോസേഫിനെ പോലെ) ഉള്ളവനായിരിക്കും (ഉല്പത്തി 39:9; സങ്കീർത്തനങ്ങൾ 18:20–24; ഇയ്യോബ് 1:1, 8; 2:3; സങ്കീർത്തനങ്ങൾ 33:1; സദൃശവാക്യങ്ങൾ 11:3, 6, 11, 20). ഇവിടെ പൗലൊസ് പ്രാർത്ഥനക്കു വേണ്ട ഒരവസ്ഥയെ ഊന്നുകയായിരുന്നില്ല എന്നാൽ റോമർ 16:16–ൽ അവൻ വിശുദ്ധ ചുംബനത്തോടെ വന്ദനം ചെയ്യുവാനാണ് ഊന്നി പറഞ്ഞിരിക്കുന്നത്. മറിച്ച്, നമ്മുടെ പ്രാർത്ഥനകളും, നമ്മുടെ വന്ദനവും, ജീവിതവും വിശുദ്ധമായിരിക്കണം എന്നാണ് അവൻ ഊന്നി പറയുന്നത്!

"വിശുദ്ധ കൈക*ളോടെ*," ആണ് പ്രാർത്ഥിക്കേണ്ടതു എന്നിരിക്കെ അതിൽ രണ്ടു "കൂടാതെ" അടങ്ങിയിട്ടുണ്ട്. ഒന്നാമതു, അതു "കോപം കൂടാതെ"[20] ആയിരിക്കണം. "വിശുദ്ധ കൈകളെ," കുറിച്ചു പറഞ്ഞശേഷം പൗലൊസ് "പോകുവിൻ" എന്നതുമായി ബന്ധപ്പെട്ട ഒരു വാക്ക് ആ മുന്നറിയിപ്പിൽ ഉപയോഗിക്കുന്നു. ഏതു സാഹചര്യത്തിലും കൈകളെ നിയന്ത്രിക്കേണ്ടതു ആവശ്യമാണ്, പ്രത്യേകിച്ചു സമ്മർദ്ദങ്ങളും വികാരങ്ങളും കൂട്ടിമുട്ടുമ്പോൾ! രണ്ടാമതു, നമ്മുടെ പ്രാർത്ഥന "വാഗ്വാദം കൂടാതെ ആയിരിക്കണം."[21] ക്രിസ്ത്യാനികൾ പോരാട്ടം ഉണ്ടാക്കരുത്. ആവശ്യമില്ലാത്ത തർക്കങ്ങൾ കൂടാതെ, ദൈവരാജ്യത്തിനകത്താണോ പുറത്താണോ എന്നു മതിയായ തെറ്റു നമ്മെ വെല്ലുവിളിക്കുന്നു. (നോക്കുക മത്തായി 22:15–22, 46; ലൂക്കൊസ് 23:39, 40; യോഹന്നാൻ 8:1–6.)

ഇവിടെ പറയുന്നതും റോമർ 14:16–19 ൽ നല്കുന്നതുമായ പൗലൊസിന്റെ പ്രബോധനം എല്ലാ സഹോദരന്മാരും സ്വീകരിച്ചാൽ പല കണ്ണുനീർ – വീണു നനഞ്ഞ കിടക്കകളും നിദ്രാവിഹീന രാത്രികളും ഒഴിവാക്കുവാൻ കഴിയും.

### സ്ത്രീകളുടെ രീതി (വാ. 9, 10)

അടുത്തതു, പൗലൊസ് സ്ത്രീകൾക്കു പ്രത്യേക മാർഗ്ഗനിർദ്ദേശം നല്കുന്നു. ക്രിസ്തുവിൽ ഉള്ളവർ മാത്രമല്ല - എല്ലാ സ്ത്രീകളും - പൗലൊസ് തിമൊഥെയൊസിനു നല്കിയ നീതിയുക്തമായി പങ്കുവയ്ക്കലിനെ കുറിച്ചുള്ള നിർദ്ദേശം കേൾക്കുന്നത് പ്രയോജനമുള്ളതാണ്. ആ ഗുണങ്ങൾ സ്ത്രീകളെ വസ്ത്രധാരണത്തിലും സ്വഭാവത്തിലും പ്രത്യേകതയുള്ളവരാക്കി അനിയന്ത്രിതമായും കുത്തഴിഞ്ഞതുമായ അവസ്ഥയിൽ ലോകത്തിൽ ജീവിക്കുന്നവർക്ക് മാതൃക കാണിക്കുവാൻ കഴിയും.

ഈ സുബോധം ജനിപ്പിക്കുന്ന വേദഭാഗം സൂചിപ്പിക്കുന്നത് പുരുഷനുമായുള്ള സ്ത്രീകളുടെ മനോഭാവം, വസ്ത്രം അണിയൽ, അവളുടെ പ്രവൃത്തികൾ, കൂടാതെ അവളുടെ ബന്ധം എന്നിവയെയാണ്. സ്ത്രീകൾക്ക് എങ്ങനെ രക്ഷിക്കപ്പെടുവാൻ സാധിക്കും എന്നു അവരെ തിരിച്ചറിയിക്കുന്ന, മഹത്തായ ആദരവോടെയാണ് അവയെല്ലാം അവസാനിക്കുന്നത്.

#### അവളുടെ വസ്ത്രധാരണം

സ്ത്രീകൾ തങ്ങളെത്തന്നെ നന്നായി "അലങ്കരിക്കണ"[22] മെന്നു കർത്താവു ആഗ്രഹിക്കുന്നു. ഈ നിസാര പ്രസ്താവനയിൽ നാലു പാഠങ്ങൾ ഉണ്ട്: (1) സ്ത്രീകളുടെ സൗന്ദര്യവും ആകർഷണീയതയും ശ്രദ്ധിക്കയും കരുതുകയും വേണമെന്നു ദൈവം ഉദ്ദേശിച്ചിരിക്കുന്നു. (2) സൗന്ദര്യവും ആകർഷണീയതയും - ധാർമ്മികമായും ആത്മികമായും - സ്ത്രീകളുടെ വസ്ത്രധാരണത്താൽ ഭാഗികമായ തിരിച്ചറിയൽ നൽകണം. (3) സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിക്കണം - അതായതു, ഒരുങ്ങണം, അഥവാ തയ്യാറാകണം. അതു തങ്ങളെ വൃത്തികേടായും, അശ്രദ്ധമായും സൂക്ഷ്മതയില്ലാതെയും പ്രദർശിപ്പിക്കുന്നതു ഒഴിവാക്കുന്നു. (4) സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിച്ചു, നന്നായി ഒരുങ്ങി, ബഹുമാനിക്കത്തക്ക, മാനിക്കത്തക്കവണ്ണം ആകണം. പൗലൊസിന്റെയും തിമൊഥെയൊസിന്റെയും കാലത്തെ സ്ത്രീകളെ കുറിച്ച് അപമാനകരമായി "തലമുടി പിന്നിയും സ്വർണ്ണം അണിഞ്ഞും അല്ലെങ്കിൽ വിലയേറിയ[23] മുത്തുകളും വസ്ത്രങ്ങളും അണിഞ്ഞു" എന്നാണ് ഈ വേദഭാഗം വ്യക്തമാക്കുന്നത്.

തീർച്ചയായും, വസ്ത്രത്തെ കുറിച്ചുള്ള ഈ പ്രസ്താവനകൾ ബന്ധമുള്ള കാര്യങ്ങളായതുകൊണ്ട് അവ ഒരു പ്രായത്തിൽ നിന്നു മറ്റൊരു പ്രായത്തിലേക്കു മാറുമ്പോഴും ഒരു സംസ്ക്കാരത്തിൽ നിന്നു മറ്റൊരു സംസ്ക്കാരത്തിലേക്കു മാറുമ്പോഴും വ്യത്യസ്തമായിരിക്കും. ആദ്യം, ആദാമും ഹവ്വയും ഒന്നും ധരിച്ചിരുന്നില്ലെങ്കിലും അവർക്കു നാണം തോന്നിയിരുന്നില്ല (ഉല്പത്തി 2:25). ദൈവം അവരെ ആ നിലയിലായിരുന്നു സൃഷ്ടിച്ചതു, അതു നല്ലതും ആയിരുന്നു (ഉല്പത്തി 1:26, 27, 31). അവരുടെ മത്സരത്തിനുശേഷം, ദൈവം അവരെ വസ്ത്രം ധരിപ്പിച്ചു, അതു പിന്നെ നല്ലതായിരുന്നു (ഉല്പത്തി 3:21).

പൗലൊസിന്റെ കാലത്തു "യോഗ്യമായ വസ്ത്രധാരണം," എന്നു വിളിച്ചിരുന്നതു ഓരോ കാലത്തും അങ്ങനെ തന്നെയായിരുന്നു.

ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഓരോ സ്ത്രീയും അവളെ അങ്ങനെ അലങ്കരിക്കുന്നുണ്ടോ എന്നുറപ്പുവരുത്തണം.

വളരെ കുറവ് അല്ലെങ്കിൽ വളരെ അധികം എന്നതിന്റെ അങ്ങേയറ്റ മായത് ഒഴിവാക്കണം.[24] കൂടുതൽ സ്വർണ്ണം, കൂടുതൽ മുത്ത്, വില - യേറിയ വസ്ത്രങ്ങൾ എന്നിവ ധരിക്കുന്നത് സ്ത്രീയുടെ "ദൈവിക ത്വത്തിന്"[25] യോജിച്ചതല്ല. വളരെ കുറച്ചു വസ്ത്രം ധരിക്കുന്നത് അല്ലെ ങ്കിൽ പുരുഷന്മാരെ മോഹിപ്പിക്കുന്ന രീതിയിൽ മുറുകി - പറ്റിച്ചേർന്നു കിടക്കുന്ന വസ്ത്രം ധരിക്കുന്നത് സ്ത്രീയെ "ബഹുമാനിക്കയും" "ആദ രിക്കയും" ചെയ്യുന്ന നിലവാരമല്ല കാണിക്കുന്നതു (നോക്കുക മത്തായി 5:27, 28). സ്ത്രീകളേ, നിങ്ങളുടെ വസ്ത്രവും ധരിക്കലും മാത്രമല്ല പൗലൊസ് ഇവിടെ നിയന്ത്രിച്ചിരിക്കുന്നത്, മറിച്ച് നിങ്ങൾ അവ ധരി ക്കുന്ന മനോഭാവത്തെയും പറഞ്ഞിരിക്കുന്നു.

**അവളുടെ മനോഭാവം**

സ്ത്രീകൾ ശരിയായ വസ്ത്രം ധരിക്കണം എന്നാൽ അവർ തങ്ങ ളുടെ ആന്തരിക ഗുണങ്ങളായ "അടക്കവും ഒതുക്കവും" കാണിക്കുക യാണ് വേണ്ടത് (2:9).

എത്രമാത്രം ധനികവും പ്രതിഫലം തരുന്നതുമാണ് "ഒതുക്കം"[26] എന്ന തിന്റെ ആന്തരികഗുണം. പിന്നെ, ഇവിടെയാണ്, ഒരു ക്രിസ്തീയ സഹോ ദരിയുടെ ആന്തരിക പരിശോധന നടത്തേണ്ടത്. വസ്ത്രധാരണത്തിൽ തന്നെത്തന്നെ നിയന്ത്രിച്ചു ലജ്ജയെ അവൾ തടയും (നോക്കുക 2 ശമു വേൽ 11:2). ഈ നിർദ്ദേശത്തിൽ ഒരു സഹോദരി അവളുടെ വിശുദ്ധി യിൽ ബോധവതിയാകാനും ആചാര മര്യാദ അനുസരിച്ചു യോഗ്യമായ വസ്ത്രധാരണം നടത്തുവാൻ സ്വയം ശീലിക്കുവാനുമാണ് പറയുന്നത്. ശരിയായ മനോഭാവം അവളുടെ വ്യക്തിത്വത്തിന് ലജ്ജയുണ്ടാക്കുന്ന ഏതു വസ്ത്രത്തിനോടും ആത്മാർത്ഥമായ ശ്രദ്ധയുണ്ടാവാൻ അവളെ ശീലിപ്പിക്കും.

പൗലൊസ് നൽകിയ വചന നിലവാരം നിലനിർത്തുവാൻ ആവശ്യ മായ ഗുണമായി പറയുന്നത് "സുബോധം"[27] ആണ്. ആ വാക്കിൽ നിയ ന്ത്രണ ശക്തി അടങ്ങിയിട്ടുണ്ട്. ഈ സന്ദർഭത്തിൽ, അത് ഒരു സഹോ ദരി തന്റെ വസ്ത്രധാരണത്തെ ശ്രദ്ധിക്കണം എന്നു ആവശ്യപ്പെടുന്നു. ദൈവം ശ്രദ്ധിക്കും! സുബോധമുള്ള ഏതൊരു സഹോദരിക്കും അതു നിസാ രമായതോ, ശ്രദ്ധയില്ലാത്തതോ, അർത്ഥശൂന്യമായതോ ആയ കാര്യമായി രിക്കുകയില്ല. ഈ കാര്യത്തിൽ വിചാരപ്പെടാത്തവർ തങ്ങൾക്കു തന്നെ മലി നതയും വേദനയും ക്ഷണിച്ചു വരുത്തും. "ഞാൻ ധരിക്കുന്നതു എനിക്കു വേണ്ടിയാണ് അതിൽ ആരും ഇടപെടേണ്ട!" എന്നു പറയുന്ന യുവതി (പ്രായ പൂർത്തിയായ സ്ത്രീ), കർത്താവിനെ കുറിച്ചു മറക്കുകയാണ്!

ഈ രണ്ടു ഗുണങ്ങളായ, സുബോധവും ലജ്ജാശീലവും, ശരിയായ വസ്ത്രധാരണം തീരുമാനിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഈ വിഷയ ത്തിൽ സഹോദരിമാരെ സഹായിക്കണം എന്നാഗ്രഹിക്കുന്ന സുവിശേ ഷകന്മാർ ഈ രണ്ടു ഗുണങ്ങൾ *ഓരോ ക്രിസ്തീയ സ്ത്രീയിലും പഠി പ്പിച്ചു* എന്നും *വളർത്തിയെടുത്തു* എന്നും ഉള്ളതിൽ ഉറപ്പുണ്ടാവണം.

അപ്പോൾ ബഹുമാനവും ആദരവും ഉള്ള ഒരു വ്യക്തിത്വം കാണിക്കുവാൻ അണിയുന്നതിന് സ്വാഭാവികമായി കഴിയും.

**അവളുടെ പ്രവൃത്തി**

ഒരു സ്ത്രീയുടെ വാസ്തവത്തിലുള്ള ആകർഷണീയത “സൽപ്രവൃത്തികൾ” മുഖാന്തരം വരുന്നതാണ് (2:10; എഫെസ്യർ 2:10). 1 തിമൊഥെയൊസ് 5:9, 10-ൽ, ക്രിസ്തുവിലുള്ള സഹോദരിമാരുടെ സൽപ്രവൃത്തികളിൽ ഉൾപ്പെട്ടിരിക്കുന്നതെന്തെല്ലാമെന്നു പൗലൊസ് നിർദ്ദേശിച്ചിട്ടുണ്ട്. ദൈവഭക്തിയുള്ള സ്ത്രീകൾക്കു പല രീതിയിൽ സേവിക്കുവാൻ കഴിഞ്ഞിട്ടുണ്ട് കഴിയുകയും ചെയ്യും (നോക്കുക പ്രവൃത്തികൾ 5:12-16; 9:36-41; റോമർ 16:1-5; ഫിലിപ്പിയർ 4:2, 3). പുരുഷന്മാർ പലപ്പോഴും സ്ത്രീയുടെ സൗന്ദര്യത്തിലാണ് പെട്ടെന്നു ആകർഷിക്കപ്പെടുന്നത്, എന്നാൽ ദൈവം - രൂപപ്പെടുത്തിയ “തുണ” യുടെ നല്ല ജീവിതത്തിലും സൽപ്രവൃത്തിയിലും മനുഷ്യൻ എന്നും നിലനില്ക്കുന്ന ആകർഷണീയത ഉള്ളതായി കാണുന്നു (ഉല്പത്തി 2:20).

## സ്ത്രീകളുടെ കീഴ്പ്പെടൽ (വാ. 11-14)

നാം പുരുഷന്മാരുമായി സ്ത്രീകളുടെ ഇടപെടൽ പരിഗണിക്കുമ്പോൾ, ഇതാ *ഉയർത്തപ്പെടുന്നതിലേക്കു നയിക്കുന്ന കീഴടങ്ങൽ* (നോക്കുക എഫെസ്യർ 5:22; 1 പത്രൊസ് 3:1-6; മത്തായി 20:26-28). 11 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് ഒരു ലക്ഷ്യവും സഹായവും നല്കുന്നുണ്ട്.

“ഒരു സ്ത്രീ പഠിക്കണം”[28] എന്നതാണ് ലക്ഷ്യം (എൻഐവി). പൗലൊസിന്റെ വാക്കുകളുടെ *പുരോഗമന* സ്വഭാവം നമുക്കു ശ്രദ്ധയോടെ നോക്കാം. സ്ത്രീകൾ പഠിക്കുവാനും, ഉയരുവാനും, അറിയിക്കുവാനും അവൻ ആഗ്രഹിക്കുന്നു. ക്രിസ്ത്യാനിത്വ വ്യവസ്ഥ ഏതു കാലത്തും സംസ്ക്കാരത്തിലും സ്ത്രീകളെ ഉയർത്തുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു, അവരുടെ പുരോഗതിയെ മുമ്പോട്ടു നയിച്ചത് - മാനുഷ നിലവാരത്താലല്ല, എന്നാൽ ധാർമ്മികമായ, സാന്മാർഗികമായ, വിദ്യാഭ്യാസപരമായുള്ള പുരോഗതിയാലാണ്.

“പൂർണ്ണാനുസരണത്തോടെ മൗനമായിരുന്നു” അവൾ പഠിക്കുവാനുള്ള സഹായം നല്കുന്നുണ്ട് (2:11; എൻഐവി).[29] സംയോജിപ്പിച്ച, ഈ ആശയങ്ങൾ കാണിക്കുന്നതു പൗലൊസ് സ്ത്രീകളെ പിറുപിറുപ്പുള്ള, വൈകാരിക പ്രതികരണമുള്ള, തർക്കിക്കുന്ന മനോഭാവമുള്ള ചുറ്റുപാടിൽ നിന്നു സംരക്ഷിക്കുവാനാണ് ആഗ്രഹിക്കുന്നത് എന്നാണ്. അത്തരം ഒരന്തരീക്ഷത്തിൽ കീഴ്പ്പെട്ടിരിക്കുക അല്ലെങ്കിൽ കീഴ്പ്പെട്ടിരിക്കുവാൻ പഠിക്കുക എന്നത് പ്രയാസമാണ്. അതുകൊണ്ട്, ആളുകൾ അവരുടെ വാക്കിന്റെ ശക്തി കൊണ്ടോ വിപരീതമായ പ്രതികരണങ്ങളാലോ ആശയങ്ങൾ പ്രകടിപ്പിക്കുമ്പോൾ, സ്ത്രീകൾ തങ്ങളുടെ വലിയ ശക്തിയും, അന്തസ്സും, ശാന്തമായ മനസ്സും കണ്ടെത്തുന്നത് കീഴ്പ്പെട്ടു ശാന്തമായിരിക്കുന്നതിലൂടെയാണ്. (നോക്കുക റോമർ 12:20, 21.) ഒച്ചപ്പാടുണ്ടാക്കുന്ന, പ്രക്ഷുബ്ധമായ സ്ത്രീ ഫലപ്രദമായി പഠിക്കു

കയോ പഠിപ്പിക്കയോ ചെയ്യുകയില്ല.

സ്ത്രീകളെ സഹായിക്കുന്നതിന്റെ ഭാഗമായി "കീഴ്പ്പെടൽ" അല്ലെങ്കിൽ "കീഴടങ്ങൽ"[30] (കെജെവി) എന്നതിന്റെ ഗുണം പൗലൊസ് നല്കിയതിന്റെ കാരണം നോക്കുന്നതു പ്രാധാന്യമുള്ള കാര്യമാണ്. ഇതു ഒരാളുടെ വിലയെയോ അല്ലെങ്കിൽ വ്യക്തിത്വത്തെയോ രണ്ടാം-തരം ആക്കുന്നില്ല. യേശു നമുക്കുവേണ്ടി തന്നെത്താൻ താഴ്ത്തിയതുകൊണ്ടു യേശുവിനെ നാം തരം താഴ്ന്നവനായി കാണുന്നുണ്ടോ? (നോക്കുക മത്തായി 20:26-28; യോഹന്നാൻ 13:2-17.)

സ്ത്രീ കീഴ്പ്പെട്ടിരിക്കേണ്ടതു (1) പുരുഷന്മാർക്ക് (1 കൊരിന്ത്യർ 11:3), (2) അവളുടെ ഭർത്താവിനു (എഫെസ്യർ 5:22; 1 പത്രൊസ് 3:1-6), (3) സഭയിലും (1 കൊരിന്ത്യർ 14:34, 35). അവസാനത്തേതിൽ, അതിർകവിഞ്ഞുപോകുന്നതു നമുക്ക് ഒഴിവാക്കാം. ഈ ബന്ധങ്ങളിലെല്ലാം മുഖ്യമായതു സ്ത്രീ പുരുഷനു കീഴ്പ്പെട്ടിരിക്കണം എന്നതാണ്. 1 കൊരിന്ത്യർ 14:34, 35-ൽ പൗലൊസ് തന്റെ പ്രസ്താവനക്കു യോഗ്യമായ ഘടന "അല്ല/എന്നാൽ" ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക:

> വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്ന പോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ, *തന്നത്താൻ കീഴടങ്ങിയിരിപ്പാൻ അല്ലാതെ,* സംസാരിപ്പാൻ അനുവാദ*മില്ല*. അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ, വീട്ടിൽ വെച്ചു ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ; സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലൊ (എംഫസിസ് മൈൻ).

എല്ലാ സമയത്തും സ്ത്രീ സഭയിൽ മൗനമായിരിക്കണം എന്നാണോ ഈ വേദഭാഗം പറയുന്നത്? അവൾ സഭയിൽ പൂർണ്ണമായും മൗനമായിരിക്കണം എന്നത് വാസ്തവമാണെങ്കിൽ, അവൾക്ക് എങ്ങനെ പാടുവാൻ സാധിക്കും? പാടുക എന്നാൽ വ്യക്തമായി "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ പ്രബോധിപ്പിക്കുന്നതാണ്" (എഫെസ്യർ 5:19). *എല്ലായ്പ്പോഴും* "സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമാണ്" എങ്കിൽ (1 കൊരിന്ത്യർ 14:35), അവൾ പാടുന്നതും അനുചിതമാകും.

സഭയുടെ ആരാധനയിൽ സ്ത്രീകൾക്കു പാടുവാൻ അനുവാദമുള്ളതിന്റെ കാരണം അവൾ കീഴ്പ്പെട്ടിരിക്കുന്നതുകൊണ്ടാണ് എങ്കിൽ (ആ സന്ദർഭത്തിൽ പൗലൊസ് പഠിപ്പിച്ച തത്വം), സഭാരാധനയിൽ സ്ത്രീക്കു തന്റെ ക്രിസ്തുവിലുള്ള വിശ്വാസം കീഴ്പ്പെട്ടിരിക്കുമ്പോഴും ഏറ്റു പറയാമോ? അവളുടെ പാപങ്ങൾ ഏറ്റു പറയാമോ? ഉദാഹരണമായി, പ്രസംഗം നടത്തുന്നയാൾ ഒരു രോഗിക്കു എങ്ങനെയുണ്ട് എന്നു ചോദിക്കുമ്പോൾ, സ്ത്രീകൾക്കു പ്രതികരിക്കാമോ (കീഴ്പ്പെട്ടിരിക്കുന്നതും സേവിക്കുന്നതുമായ മനോഭാവത്തോടെ സംസാരിക്കുക)? സ്ത്രീകൾക്കുള്ള ബൈബിൾ ക്ലാസിൽ, സമയം നിശ്ചയിക്കേണ്ടതിന് ഏതെങ്കിലും ഒരു സ്ത്രീയോട് ഒരു മൂപ്പനു ശരിയായ സമയം, സഭായോഗത്തിൽ പറയുവാൻ ആവശ്യപ്പെടാമോ

(കീഴ്പ്പെട്ടിരിക്കുമ്പോൾ)?

*ഈ ചോദ്യങ്ങൾക്കെല്ലാമുള്ള ഉത്തരങ്ങൾ ചിത്രീകരിക്കുന്നതെന്തെന്നാൽ, 1 കൊരിന്ത്യർ 14 ലെ സന്ദർഭത്തിൽ, പൗലൊസ് ഒരു സ്ത്രീ "മൗനമായിരിക്കണം" അല്ലെങ്കിൽ "സംസാരിക്കാതെ" എന്നു സൂചിപ്പിക്കുന്നത് ഒരു കാര്യത്തെ മാത്രമാണ് ചൂണ്ടിക്കാണിക്കുന്നത്: അത് അവൾ കീഴടങ്ങിയിരിക്കണം എന്നതാണ്.* അവിടെ, അവിടെ മാത്രമാണ് "സംസാരിക്കാതെ" എന്നതും "മൗനമായിരിക്കട്ടെ" എന്നതും പ്രയോഗിക്കേണ്ടത്.

ആ കീഴ്പ്പെടുന്ന മനോഭാവം നിലനിർത്തുമ്പോൾ, പൗലൊസ് കൂട്ടിച്ചേർക്കുന്നു, "മൗനമായിരിപ്പാൻ *അല്ലാതെ,* ഉപദേശിപ്പാൻ *അല്ലെങ്കിൽ* പുരുഷന്റെ മേൽ അധികാരം നടത്തുവാൻ ഞാൻ സ്ത്രീയെ അനുവദിക്കു*ന്നില്ല.*" ("അല്ല/എന്നാൽ" ഘടനയിലെ കുറിപ്പു 23 നോക്കുക.) പൗലൊസ് ബൈബിൾ ഉപദേശത്തെ എതിർക്കുകയോ, സ്ത്രീകൾക്കു ചില പ്രത്യേക സ്ഥലങ്ങളിലും രീതിയിലും ഉപദേശിപ്പാനുള്ള അവസരത്തെ സ്വയം നിഷേധിക്കുകയോ അല്ല ചെയ്യുന്നത് (നോക്കുക തിത്തൊസ് 2:3–5; പ്രവൃത്തികൾ 18:24–26; 21:9; എഫെസ്യർ 6:1; 1 തിമൊഥെയൊസ് 5:14). സ്ത്രീകൾക്കു ഉപദേശിക്കാം, പക്ഷെ അവർ അതു ചെയ്യേണ്ടത് കീഴ്പ്പെട്ടുകൊണ്ടായിരിക്കണം ("അധികാരം ചെലുത്തുന്ന"[31] പ്രവൃത്തി ഒഴിവാക്കണം).

രണ്ടു പുരാതന സംഭവങ്ങളിൽ നിന്നു പൗലൊസ് സ്ത്രീകളുടെ കീഴ്പ്പെടലിന്റെ പങ്ക് വിവരിക്കുന്നുണ്ട്: (1) സൃഷ്ടിയുടെ ക്രമം – പുരുഷനെയാണ് ആദ്യം മെനഞ്ഞത്, പിന്നെയാണ് ഹവ്വയെ മെനഞ്ഞത് (ഉല്പത്തി 1; 2); (2) ദൈവത്തിനെതിരായി മത്സരിച്ച ക്രമം – സ്ത്രീ ആദ്യം വീണു പോയി (ഉല്പത്തി 3:6-16). അവളുടെ കീഴ്പ്പെടലിനുള്ള കാരണമായി ഈ സംഭവങ്ങളെ എതിർക്കുവാൻ ഇനി നമുക്കു സാധ്യമല്ല എന്നാൽ പിന്നീട് ദൈവം അവരെ അണിയിക്കുന്നതിനാൽ മാറ്റം വരുത്തിയ, രണ്ടുപേരുടെയും നഗ്നതയെ ആദ്യം ചോദ്യം ചെയ്യാം. സ്ത്രീകൾ ഈ രീതിയിൽ സേവിക്കുന്നതിൽ ഗുണവും നന്മയുമുള്ളതായി നമ്മെ കുറിച്ചു നാം അറിയുന്നതിനേക്കാൾ അറിയുന്ന ദൈവം ആണ് നിശ്ചയിച്ചിരിക്കുന്നത്. (നോക്കുക യോഹന്നാൻ 2:25; ലൂക്കൊസ് 12:2; വെളിപ്പാട് 2:13; ഇയ്യോബ് 42:1, 2.)

## സ്ത്രീകൾക്കു ഒരു ബഹുമാനം (വാ. 15)

പൗലൊസിനെ ഒരു സ്ത്രീ വിരോധിയായി ചിത്രീകരിക്കുന്നവരിൽ നിന്നു അവൻ സ്വയം തന്നെ മോചിപ്പിക്കുന്നു: ഒരു രക്ഷകൻ ലോകത്തിലേക്കു വരത്തക്കവിധം പ്രത്യേകമായാണ് ദൈവം സ്ത്രീയെ മെനഞ്ഞത് എന്ന് അവൻ ഊന്നി പറയുന്നു. വാക്യം 15 പറയുന്നത്, "എന്നാൽ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നു എങ്കിൽ അവൾ മക്കളെ പ്രസവിച്ചു രക്ഷ പ്രാപിക്കും." അങ്ങനെ "മക്കളെ പ്രസവിച്ചു" കൊണ്ട് അവൾക്കും – എല്ലാവർക്കും – രക്ഷ പ്രാപിക്കാം.

ആ വേദഭാഗം *പഠിപ്പിക്കാത്തത്* എന്തെന്നു ശ്രദ്ധിക്കുക. രക്ഷക്കു പ്രത്യുൽപാദനശേഷി ആവശ്യമാണെന്നു ഈ വേദഭാഗം പഠിപ്പിക്കുന്നി

ല്ല. അവിവാഹിതയായ സ്ത്രീക്കും വിവാഹശേഷം മക്കൾ ജനിക്കാത്ത സ്ത്രീക്കും ഇതെന്താണ് അർത്ഥമാക്കുന്നത്? ഒരു സ്ത്രീയുടെ ശാരീരിക കുഴപ്പം നിമിത്തം, മക്കൾ ജനിച്ചില്ലെങ്കിൽ, ആ സ്ത്രീയെ സംബന്ധിച്ചു എന്താകും? വിവാഹം കഴിക്കുന്നതിനു മുൻപു മരിച്ചു പോകുന്ന സ്ത്രീയെ സംബന്ധിച്ചു എന്താകും? ഒരു സ്ത്രീയുടെ രക്ഷയുടെ അടിസ്ഥാനം മക്കൾ ജനിക്കുന്ന അവളുടെ കഴിവനുസരിച്ചല്ല.

അതുപോലെ മക്കളുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ല അമ്മയുടെ രക്ഷ, "അവർ വിശ്വാസത്തിൽ തുടർന്നാൽ" എന്ന പ്രയോഗത്തിൽ നിന്നു ചിലർ അങ്ങനെ അനുമാനിക്കാറുണ്ട്. സ്ത്രീയുടെ രക്ഷ അവളുടെ മക്കളുടെ വിശ്വാസത്തിൽ അധിഷ്ഠിതമാണെന്നു പറയുന്നതു പല വേദഭാഗങ്ങൾക്കും എതിരാണ് (വെളിപ്പാട് 20:11–13, ഉദാഹരണമായി). മക്കളെ കുറിച്ചു അമ്മയ്ക്കുള്ളതുപോലെ അപ്പനും ഉത്തരവാദിത്വമുണ്ട് (നോക്കുക എഫെസ്യർ 6:1–4).

സ്ത്രീയായാലും പുരുഷനായാലും നാം *ഓരോരുത്തരും* ദൈവത്തോടു കണക്കു കൊടുക്കേണ്ടവരാണെന്നു രണ്ടു കൊരിന്ത്യർ 5:10 ഉം റോമർ 14:12 ഉം എടുത്തുകാണിക്കുന്നു. ഒരു കുട്ടിയുടെ അവിശ്വസ്തതക്കു അപ്പനോടോ അമ്മയോടോ ചോദിക്കയില്ല. മത്തായി 10:35–37 ഉം ലൂക്കൊസ് 12:51–53 ഉം പറയുന്നതു ചിലർ വിശ്വസിക്കും ചിലർ വിശ്വസിക്കയില്ല എന്നാണ്. മാതാപിതാക്കൾ ദൈവത്തെ അനുസരിക്കാതിരിക്കയും എന്നാൽ അവരുടെ മക്കൾ അനുസരിക്കയും ചെയ്താൽ, മക്കൾ "വിശ്വാസത്തിലും, സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ" ജീവിച്ചു എന്നതുകൊണ്ട് അവരുടെ മാതാപിതാക്കൾ രക്ഷിക്കപ്പെടുമോ? തീർച്ചയായും ഇല്ല.

മുൻപറഞ്ഞ കാരണങ്ങളാൽ, "അവർ" എന്നു പറഞ്ഞിരിക്കുന്നതു കുട്ടികളെ സൂചിപ്പിച്ചല്ല എന്നു നമുക്കു കാണാം. "അതു സ്ത്രീയെ കുറിച്ചല്ല സൂചിപ്പിച്ചത് കാരണം പൗലൊസ് പറഞ്ഞ 'അവൾ' (ഏകവചനവും) എന്നാൽ 'അവർ' എന്നതു ബഹുവചനവും," ആണെന്ന് ആരെങ്കിലും പറഞ്ഞാൽ, പൗലൊസ് "അവൾ കുട്ടിയെ പ്രസവിച്ചു"[32] (ഏകവചനം), എന്നതാണ് ഉപയോഗിച്ചത് അല്ലാതെ "മക്കളെ പ്രസവിക്കൽ" (ബഹുവചനം) എന്നല്ല ഉപയോഗിച്ചത് എന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടും സൂചിപ്പിക്കുന്നത് കുട്ടികളെ അല്ല എന്ന് ഞാൻ പറയും.

പിന്നെ, "അവർ" എന്നു പറഞ്ഞിരിക്കുന്നതു ആരെയാണ് സൂചിപ്പിക്കുന്നത്? വാക്യം 15 ലെ "അവർ" എന്നതു പൊതുവെ സ്ത്രീകളെയാണ് സൂചിപ്പിക്കുന്നത്, "സ്വയം - അടക്കത്തോടെ വിശുദ്ധിയിലും സ്നേഹത്തിലും വിശ്വാസത്തിലും [വിനയം; ആർഎസ്വി]" തുടരുന്നതിനാൽ രക്ഷിക്കപ്പെടാവുന്നവരാണ്. വാക്യം 9-ൽ പൗലൊസ് പരിചയപ്പെടുത്തിയതു ഇവിടെ ചുരുക്കി പറയുകയാണ്, അവിടെ അവൻ ഉപയോഗിച്ചതു "സ്ത്രീകൾ" (ബഹുവചനം) എന്നാണ്.

"മക്കളെ പ്രസവിച്ചു രക്ഷ പ്രാപിക്കാം" എന്ന വാക്യം എങ്ങനെയാണ് പ്രയോഗിക്കുന്നത്? അതു സന്ദർഭത്തിലല്ലെങ്കിൽ ബുദ്ധിമുട്ടിലാകുമായിരുന്നു. കീഴ്പ്പെടൽ നിയമത്തെ വിവരിക്കുവാൻ പൗലൊസ് ഹവ്വയെ പരിചയപ്പെടുത്തുന്നു. തോട്ടത്തിൽ വെച്ചു ഹവ്വ വീണുപോ

യതും ലജ്ജിക്കപ്പെടുന്നതും സ്ത്രീയുടെ മാന്യത ഇല്ലാതാക്കുന്നതാണെങ്കിൽ, സ്ത്രീയ്ക്ക് പദവിയായും മാന്യതയായും കർത്താവിന്റെ അമ്മയായ, മറിയയിൽ അവളുടെ മഹത്വവും മാഹാത്മ്യവും എടുത്തു കാണിച്ചുകൊണ്ട്, അവൻ തുടരുന്നു. അവളുടെ ഗർഭധാരണത്താൽ – "ഒരു" ശിശുവിനെ അല്ല, എന്നാൽ "കുട്ടികളെ പ്രസവിച്ചു" – വീണ്ടെടുപ്പുകാരൻ ജനിച്ചു (ഗലാത്യർ 4:4). അതു, സ്ത്രീ പുരുഷനു കീഴ്പ്പെട്ടിരിക്കുന്നതാൽ സാധ്യമാകാത്തതാണ്. സ്ത്രീ മുഖാന്തരമാണ് ക്രിസ്തു – എന്ന ശിശു ജനിച്ചതു, ലോകത്തിന്റെ രക്ഷിതാവായി തീർന്നതു (1 യോഹന്നാൻ 4:14).

അതുകൊണ്ടു, സ്ത്രീയുടെ രക്ഷ മക്കളെ പ്രസവിക്കുന്നതിന്റെ അടിസ്ഥാനത്തിലല്ല, പിന്നെയോ ദൈവപുത്രനായ, യേശുക്രിസ്തു എന്ന സന്തതി, സ്ത്രീയിൽ പരിശുദ്ധാത്മാവിനാൽ ജനിച്ചതിന്റെ അടിസ്ഥാനത്തിലാണ് (ലൂക്കൊസ് 1:30–35; മത്തായി 1:18–23; ഉല്പത്തി 3:15; ഗലാത്യർ 4:4). പരീക്ഷണത്തിലും പാപത്തിലും അകപ്പെടുന്നതു സ്ത്രീയ്ക്ക് മാനക്കേടുണ്ടാക്കുന്നുവെങ്കിൽ, രക്ഷകന്റെ ജനനം സ്ത്രീയുടെ മഹത്വം വർദ്ധിപ്പിക്കുന്നു. സ്ത്രീ ലോകത്തിൽ പാപം പരിചയപ്പെടുത്തി എങ്കിൽ, അവൾ ലോകത്തിൽ രക്ഷകനെയും പരിചയപ്പെടുത്തി![33]

അതുകൊണ്ടു, സ്ത്രീയും, പുരുഷനും, ക്രിസ്തുവിനെയും അവന്റെ നിയമത്തെയും നോക്കണം. അവർ ഈ മനോഗുണങ്ങളിൽ തുടർന്നാൽ അവനിൽ അവർക്കു രക്ഷയുണ്ട്:

(1) "വിശ്വാസം" – ശക്തിക്കും സുരക്ഷിതത്വത്തിനും; എബ്രായർ 11:1; എഫെസ്യർ 6:16; 1 യോഹന്നാൻ 5:4;

(2) "സ്നേഹം" – ത്യാഗപൂർണ്ണമായ സേവനത്തിനു; യോഹന്നാൻ 15:13; 1 യോഹന്നാൻ 3:16–18;

(3) "വിശുദ്ധി"[34] – സേവനം നിലനിർത്തേണ്ടതിന്നു;

(4) "സുബോധം" – സേവനത്തിൽ ആത്മ – നിയന്ത്രണത്തിനു.

ഒരു സഹോദരി ഈ മഹത്തായ നിലവാരത്തിൽ വസിക്കുകയും സേവിക്കുകയും ചെയ്താൽ "ക്രിസ്ത്യാനി" എന്ന നാമം സേവിക്കുന്നതു ഉചിതമായിരിക്കും (1 പത്രൊസ് 4:14–16).

ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്ന ജീവിതത്തെ കുറിച്ച് എന്തൊരു വെല്ലുവിളിയാണ് അദ്ധ്യായം 2 നല്കുന്നതു! തിമൊഥെയൊസിനെ പോലെ, നാമും, "വിശ്വാസവും നല്ല മനസാക്ഷിയും" മുറുകെ പിടിക്കണം (1:19). ദൈവം സകല മനുഷ്യരും രക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നതുകൊണ്ട് എല്ലാവർക്കുവേണ്ടിയും പ്രാർത്ഥനയിൽ അപേക്ഷിക്കുവാൻ പറഞ്ഞുകൊണ്ടാണ് അദ്ധ്യായം 2 ആരംഭിക്കുന്നത്, എങ്ങനെ എല്ലാവരും രക്ഷപ്രാപിക്കുമെന്നു ചുരുക്കി പറഞ്ഞുകൊണ്ടാണ് പൗലൊസ് അവസാനിപ്പിക്കുന്നത്!

നമുക്കു പക്വതയുള്ള പുരുഷന്മാരുടെ നേതൃത്വം തരുന്ന ഒരു ദൈവത്തിന്റെ പദ്ധതിയെ അദ്ധ്യായം 3 മനോഹരമായി തുറന്നു തരികയാണ്. കർത്താവിന്റെ നിത്യ നിയമത്തിൻ കീഴിൽ ജീവിക്കേണ്ടതിനു നമ്മെ സഹായിക്കുന്നതിനു നമുക്ക് അത്തരം നേതൃത്വം ആവശ്യമാണ്!

കുറിപ്പുകൾ

[1]വാക്യം 1 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് ആറു പ്രാവശ്യം "എല്ലാം" എന്ന വാക്ക് ഉപയോഗിച്ചതിൽ ദൈവത്തിന്റെ വലിയ കാഴ്ച്ചപ്പാട് വ്യക്തമാണ്. ദൈവത്തിന്റെ ലക്ഷ്യവും വീക്ഷണവും *എല്ലാവർക്കു*വേണ്ടിയും പ്രാർത്ഥിപ്പാൻ നമ്മെ പ്രചോദിപ്പിക്കുന്നു, *എല്ലാ* ദൈവഭക്തിയും ശക്തിയുമുള്ള ഒരു ജീവിതത്തെ അന്വേഷിക്കുന്നു, കാരണം ദൈവം തന്റെ പുത്രനെ *എല്ലാവർക്കും* വേണ്ടി മറുവിലയായി കൊടുത്തതു, *എല്ലാവരും* സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും രക്ഷ പ്രാപിക്കുന്നതിനും വേണ്ടിയായിരുന്നു! [2]യാചന (ഗ്രീക്ക്.: *ഡീസിസ്* ) – "ഒരു ആവശ്യപ്പെടൽ, ചോദിക്കൽ, അഭ്യർത്ഥന. ... ആവശ്യം, യാചന" (എഡ്വേഡ് റോബിൻസൺ, *ഏ ഗ്രീക്ക് ആന്റ് ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂ യോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863], 158); "സന്ദർഭത്തിൽ, ചില പ്രത്യേക കാര്യത്തിൽ ദൈവ സഹായം ആവശ്യപ്പെടുന്ന പ്രാർത്ഥനയെയാണ്" (സി. ജി. വിൽക്കേ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 126). [3]പ്രാർത്ഥിക്കുക (ഗ്രീക്ക്.: *പ്രോസേകോമായി*) – "പ്രാർത്ഥിക്കുക അല്ലെങ്കിൽ ദൈവത്തോടു ആണയിടുക" (റോബിൻസൺ, 628). [4]പക്ഷവാദം (ഗ്രീക്ക്.: *എൻടേക്സിസ്*) – "കുമ്പിടുക, കാണുക; ഒരു സംവാദം. ... അപേക്ഷ ... ഒരു സമ്മേളനം അല്ലെങ്കിൽ സംഭാഷണം ... ഒരു പരാതി" (തേയർ, 218). [5]വില്ല്യം ബാർക്ക്ലേ, *ദ ലെറ്റേഴ്സ് ടു തിമോഥി, റ്റൈറ്റസ് ആന്റ് ഫിലേമോൻ*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലഡെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1960), 66. [6]നന്ദി (ഗ്രീക്ക്.: *യൂക്കാരിസ്റ്റിയ*) – "സ്തോത്രം ... സകല നന്ദിയോടുകൂടെ ... നന്ദി നിറയുക ... നന്ദി വർദ്ധിക്കുക, 2 കൊരി. 4:15" (വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 2ഡി എഡി., റെവ. വില്യം എഫ്. ആംണ്ട് ആന്റ് എഫ്. വിൽബർ ജിംജ്റിച്ച് [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957], 328–29). [7]ബാർക്ക്ലേ, 68. [8]അക്ഷുബ്ധമായ (ഗ്രീക്ക്.: *എരേമോസ്*) – "അക്ഷുബ്ധമായ, പ്രശാന്തമായ" (റോബിൻസൺ, 326). [9]ശാന്തത (ഗ്രീക്ക്.: *എസുക്കാസൊ*) – "ശാന്തമായ, വിശ്രമമായിരിക്കുക ... സമാധാനമുള്ള ദേശത്തെ അല്ലെങ്കിൽ ആളുകളെ കുറിച്ച് ... വേലയിൽ നിന്നുള്ള വിശ്രമം ... ഒരാളുടെ സമാധാനം പിടിക്കുക, നിശബ്ദനാകുക" (റോബിൻസൺ, 327). [10]ആദരവ് (ഗ്രീക്ക്.: *സെമ്നോട്ടെസ്*) – "... ബഹുമാനം അല്ലെങ്കിൽ ആദരവ്, അന്തസ്, ഗാംഭീര്യം, മഹിമ, വിശുദ്ധി ... ആദരവു ... നിർമ്മലത" (തേയർ, 573).

[11]ബാർക്ക്ലേ, 71. [12]മദ്ധ്യസ്ഥൻ (ഗ്രീക്ക്.: *മെസിറ്റെയോ*) – "ഒരു മദ്ധ്യസ്ഥന്റെ പങ്കു വഹിക്കുക, ഉടമ്പടി ചെയ്യുന്ന കക്ഷികൾക്കിടയിൽ നില്ക്കുന്ന ഇടനിലക്കാരൻ ... രണ്ടു കക്ഷികൾക്കിടയിൽ നിന്നു എന്തെങ്കിലും നേടുവാനായി പ്രവർത്തിക്കുന്നു, ... അങ്ങനെ *മെസിറ്റെയോ* പ്രതിജ്ഞ നല്കുവാൻ, ഉറപ്പു നൽകുക എന്നു സൂചിപ്പിക്കുന്നു" (തേയർ, 401). [13]ചിലർ മറിയയെ ബന്ധപ്പെടുത്തി ഉണ്ടാക്കിയ തെറ്റു പഠിപ്പിക്കുന്നതുകൊണ്ടു ദൈവത്തിൽ നിന്നു ലഭിക്കേണ്ട മഹത്തായ ഉപകാരങ്ങൾ ലഭിക്കാതെ പോകരുത് കാരണം നമുക്ക് ഏക

മദ്ധ്യസ്ഥനാണ് ഉള്ളത് (യോഹന്നാൻ 14:1–6; 16:23, 24; 1 യോഹന്നാൻ 2:1–3). ക്രിസ്തു നമുക്കു വേണ്ടി ചെയ്തതു എത്ര മനോഹരം. "അനുമാനത്താൽ ആരോ 'മദ്ധ്യത്തിൽ നില്ക്കുന്നു' എന്നാണ് ആ വാക്ക് സൂചിപ്പിക്കുന്നത് ... പാപം ചെയ്ത് അപ്രിയമായി ജീവിച്ചവർക്കും ദൈവത്തിനും മദ്ധ്യേ നിൽക്കുന്നത് ക്രിസ്തുവാണ്, ദൈവകോപത്താൽ പാപിക്കു വരേണ്ടിയിരുന്ന ശിക്ഷ അവൻ ഏറ്റുവാങ്ങി, രണ്ടാമത്തെ കൂട്ടരെ അതിൽ നിന്നു വിടുവിക്കുന്നതിനാണ്. ... ആ സന്ദർഭം മുഴുവൻ പറയുന്നത് *രക്ഷയെ* കുറിച്ചാണ് (വാക്യം 4), കൂടാതെ ക്രിസ്തു അവനെ *മറുവിലയായി* കൊടുത്തതിനെയുമാണ് (വാക്യം 6-ൽ നോക്കുക). ഒരു ഞെട്ടിക്കുന്ന വിവരണം ഗലാത്യർ 3:13-ൽ കാണാം, 'യേശു നമ്മെ ന്യായ പ്രമാണത്തിന്റെ ശാപത്തിൽ നിന്നു വിടുവിച്ചു, നമ്മുടെ (മേൽ ഉണ്ടായിരുന്ന) ശാപം നിമിത്തം ശാപമായി തീർന്നു.' ആ വേദ ഭാഗത്തിൽ നമ്മുടെ രക്ഷകൻ നമുക്കു*വേണ്ടി* നില്ക്കുന്നു എന്നു കാണിക്കുന്നു, അതായതു, അവൻ ന്യായപ്രമാണത്തിന്റെ ശാപത്തിനും നമുക്കും *മദ്ധ്യേ* നിന്നു, അവൻ നമ്മുടെ ശാപം വഹിച്ചു, നമ്മെ രക്ഷിച്ചു. എങ്ങനെയായാലും ... *മദ്ധ്യസ്ഥൻ* എന്ന ആശയം പോലും ... വിശാലമാണ്. ക്രിസ്തു ആ നിലയിൽ പാപികളെ ദൈവവുമായി നിയമപരമായ ഒരു ബന്ധത്തിലേക്ക് യഥാസ്ഥാനപ്പെടുത്തുക മാത്രമല്ല, അവരെ 'സത്യത്തിന്റെ *പരിജ്ഞാനത്തിലേക്കു*' കൊണ്ടു വരുകയും ചെയ്തു (വാ. 4); ആ മഹത്തായ സത്യത്തിന്റെ *സാക്ഷ്യം* അവൻ കൊണ്ടു നടക്കണമായിരുന്നു (വാ. 6). അതുകൊണ്ട്, *അവൻ സമാധാനം സ്ഥാപിക്കുകയും അതു മനുഷ്യർക്കു വെളിപ്പെടുത്തുകയും,* സുവിശേഷം സ്വീകരിപ്പാൻ അവരെ പ്രേരിപ്പിക്കയും ചെയ്തു. ഈ *രണ്ടു വിധത്തിലുള്ള* അർത്ഥത്തിൽ അവൻ മദ്ധ്യസ്ഥനായി നിൽക്കുന്നത് വെളിപ്പെടുത്തിയിരിക്കുന്നു" (വില്യം ഹെൻഡ്രിക്സൺ, *എ കമെന്ററി ഓൺ 1 ആന്റ് 2 തിമൊഥി ആന്റ് ടൈറ്റസ്* [ലണ്ടൻ: ദ ബാനർ ഓഫ് ട്രൂത്ത് ട്രസ്റ്റ്, 1964], 97–98). [14]"നിയമിക്കുക" എന്ന ക്രിയ തർജ്ജിമ ചെയ്തിരിക്കുന്നത് (ഗ്രീക്ക്.: *എറ്റേതെൻ*, *റ്റിതെമി*യിൽ നിന്ന്) പാസിവ് വോയ്സ് ആണ് അതിനർത്ഥം ഈ മഹത്തായ പ്രവൃത്തി പൗലൊസിൽ ചുമത്തിയിരിക്കുന്നു. അതു തന്റേതാണെന്നു അവൻ ഊഹിക്കയായിരുന്നില്ല. ദൈവം ഒരു പ്രവൃത്തി നമ്മിൽ ചുമതലപ്പെടുത്തുകയോ തരുകയോ ചെയ്തില്ലെങ്കിൽ, നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല (നോക്കുക എഫെസ്യർ 2:10; യോഹന്നാൻ 15:5; ഫിലിപ്പിയർ 2:12, 13). [15]ഉപദേഷ്ടാവ് (ഗ്രീക്ക്.: *കെറൂസ്*) – "ഒരു ദൂതൻ, സന്ദേശവാഹകൻ, പൊതുവായ അധികാരം ഉള്ളവൻ, രാജാവിന്റെ ഔദ്യോഗിക സന്ദേശം അറിയിക്കുന്നവൻ, മജിസ്ട്രേറ്റുമാർ, രാജകുമാരന്മാർ, പട്ടാള കമാന്റർമാർ, അല്ലെങ്കിൽ പൊതുവായ കല്പന ലഭിച്ചവൻ, വ്യത്യസ്തമായ മറ്റു ജോലികൾ ചെയ്യുന്നവൻ. ... ദൈവത്തിന്റെ സ്ഥാനാപതി, ദൈവ വചനം പ്രഖ്യാപിക്കുകയോ വിളിച്ചറിയിക്കുകയോ ചെയ്യുന്നവൻ" (തേയർ, 346). [16]അപ്പൊസ്തലൻ (ഗ്രീക്ക്.: *അപ്പൊസ്തൊലോസ്*) – "ഒരു പ്രതിനിധി, സന്ദേശവാഹകൻ, കല്പനകളുമായി അയക്കപ്പെട്ടവൻ" (തേയർ, 68). [17]ക്രിസ്തുവിന്റെ നാമത്തിനു വലിയ ദോഷം ഉണ്ടാകുവാനുള്ള കാരണം ചില ആളുകൾ ഹൃദയങ്ങളെ സ്പർശിച്ച സുവിശേഷത്തെ വിളിച്ചറിയിക്കുവാൻ തയ്യാറെടുത്തു, എന്നാൽ അവർ ദൈവാധികാരത്തിനു കീഴ്പ്പെടുവാൻ തയ്യാറായില്ല (നോക്കുക ലൂക്കൊസ് 6:46; തൽഫലമായ അനിയന്ത്രിതമായ പ്രവർത്തനത്താൽ), മറ്റുള്ളവർ ശരിയായി ഉപദേശിച്ചു എന്നാൽ ആരെയും വികാരവും

പ്രവർത്തനവും ഉണ്ടാകത്തക്കവിധത്തിൽ പ്രേരിപ്പിച്ചില്ല (വിദ്യാർത്ഥികൾ *അറിഞ്ഞുവെങ്കിലും* ആവേശത്തോടെ സുവിശേഷം മറ്റുള്ളവർ അറിയേണ്ട വിധത്തിൽ *ശ്രദ്ധിച്ചു* പ്രവർത്തിച്ചില്ല). *നിയമസിദ്ധാന്തവും അഹം തത്വവാദവും* സന്ദേശവാഹകന്റെ രീതിയിലേക്കു വരാം. നിയമ സിദ്ധാന്തം ആളുകളെ കർശനക്കാരാക്കും എന്നാൽ സന്തോഷത്തിലേക്കോ നീതിയിലേക്കോ നയിക്കുകയില്ല. അഹം തത്വവാദം ആത്മാവിനെ ഉണർത്തിയേക്കാം, പക്ഷെ ദൈവത്തിന്റെ നിലവാരത്തിനു കീഴ്പ്പെടുത്തുകയില്ല, നൈമിഷിക കണ്ണുനീർ വീഴ്ത്തിയേക്കാം അല്ലെങ്കിൽ ആനന്ദിപ്പിച്ചേക്കാം എന്നാൽ സത്യത്താൽ വാസ്തവത്തിലുള്ള ഒരു മാറ്റം ഉണ്ടാവുകയില്ല! യേശു മാതൃക കാണിച്ചതും പൗലൊസ് തന്റെ ശുശ്രൂഷയിൽ പ്രവൃത്തിച്ചതുമായ സമതുലനാവസ്ഥയുള്ള കൂടുതൽ ഉപദേഷ്ടാക്കന്മാർ നമുക്ക് ദൈവം തരുമാറാകട്ടെ. [18]"പുരുഷന്മാർ" എന്ന പ്രത്യേക വാക്ക് (ഗ്രീക്ക്.: *ആനെർ*) പുല്ലിംഗത്തെ സൂചിച്ച് (പൊതുവായ നാമമായ *ആന്ത്രോപോസ്* അല്ല എന്നർത്ഥം) സ്ത്രീകൾക്കു എതിരായി (*ഗുനായിക്കാസ്*) വാക്യം 9-ൽ ഇവിടെ ഉപയോഗിച്ചിരിക്കുന്നു എന്നു സംശയരഹിതമായി പറയാം. *ആനെർ* എന്നതു തേയർ നിർവ്വചിക്കുന്നത് ലിംഗവിവേചനം സൂചിപ്പിക്കുന്നതായിട്ടാണ്, സ്ത്രീയിൽ നിന്നു പുരുഷനെ വേർതിരിക്കുന്നു, അത് ഒന്നുകിൽ (a) *പുരുഷൻ* ആയും – പ്രവൃത്തികൾ 8:12; 17:12; 1 തിമൊഥെയൊസ് 2:12 അല്ലെങ്കിൽ (b) ഒരു *ഭർത്താവായി* – മത്തായി 1:16; മർക്കൊസ് 10:2; യോഹന്നാൻ 4:16; റോമർ 7:2; 1 കൊരിന്ത്യർ 7:2 (തേയർ, 45). എങ്ങനെയായാലും, തേയർ പറഞ്ഞതു അതിന് "ഒരു കുട്ടിയിൽ നിന്നു പ്രായപൂർത്തിയായ പുരുഷനെ വേർതിരിക്കാം – മത്തായി 14:21; 15:38," കൂടാതെ 1 കൊരിന്ത്യർ 13:11; എഫെസ്യർ 4:13; യാക്കൊബ് 3:2 ഉം കൂടി ചേർക്കുന്നു. ആ വാക്ക് സ്ത്രീകളെയും പുരുഷന്മാരെയും സ്പഷ്ടമായി സൂചിപ്പിക്കുന്ന ചില വേദഭാഗങ്ങൾ തേയർ പിന്നീടു നൽകുന്നുണ്ട് (നോക്കുക മത്തായി 14:35; ലൂക്കൊസ് 11:31; യാക്കൊബ് 1:20). അതുകൊണ്ടു, ഈ വാക്യത്തിലെ ആ വാക്കിനെ എടുത്തു വാദിച്ചു സ്ത്രീകൾ പ്രാർത്ഥന നയിക്കാൻ പാടില്ല എന്നു തെളിയിക്കുന്നതിലേക്കുവരെ ഒരാൾ പോകാം. അവർക്കു പ്രാർത്ഥന നയിക്കുവാൻ അവകാശമില്ല എന്ന് ആ വാക്യം തെളിയിക്കുന്നു എങ്കിൽ, അവർ പ്രാർത്ഥന നയിക്കുവാൻ "ഒരു സ്ഥലത്തും" പാടില്ല എന്നുവരും. തീർച്ചയായും, "പ്രാർത്ഥന നയിക്കുവാൻ" അല്ല പൗലൊസ് അവിടെ എഴുതിയത്. അവൻ *"പ്രോസ്യൂ കെസ്തായി ടൗസ് ആൻഡ്രാസ് എൻ പാന്റി ടോപോ"* (എല്ലായിടത്തും പുരുഷന്മാർ പ്രാർത്ഥിക്കട്ടെ) എന്നുമാത്രമാണ് പ്രസ്താവിച്ചത്. പുരുഷന്മാർക്കു *മാത്രമാണ്* പ്രാർത്ഥന എന്നാണ് *ആൻഡ്രാസ്* അർത്ഥമാക്കുന്നതെങ്കിൽ (പൗലൊസ് *മാത്രം* എന്നതു ഉൾപ്പെടുത്തിയില്ല), അപ്പോൾ പുരുഷന്മാർക്കു മാത്രമെ പ്രാർത്ഥിപ്പാൻ കഴിയൂ, അങ്ങനെ വരുമ്പോൾ, സ്ത്രീകളെ പൂർണ്ണമായും പ്രാർത്ഥനയിൽ നിന്നും ഒഴിവാക്കി നിർത്തുന്നു. അത്തരം ആശയം ബൈബിൾ വിരുദ്ധമാണ്, അത് പ്രോത്സാഹിപ്പിക്കുന്നത് പുരുഷന്മാർ മാത്രം പരാതി കേൾക്കുന്ന ക്ലെർജി – ലേയിറ്റി കൺഫെഷനൽ ബൂത്ത് എന്ന ഉപദേശമാണ് എന്നും പറഞ്ഞു. ആരാധനക്കും ബൈബിൾ പഠനത്തിനും ഒരു കൂട്ടം സ്ത്രീകൾക്ക് സംബന്ധിക്കാമെന്നു തിരുവെഴുത്തു പറയുന്നുണ്ട് (പ്രവൃത്തികൾ 16:13–15). ക്രിസ്തുവിലുള്ള സ്ത്രീകൾക്കു തീർച്ചയായും പ്രാർത്ഥിക്കാം (പ്രവൃത്തികൾ 12:5, 12; 21:5; 1 കൊരിന്ത്യർ 11:5; ലൂക്കൊസ് 2:36–38). പുരുഷന്മാർക്കുള്ള അതേ മദ്ധ്യസ്ഥനാണ് അവർക്കുമുള്ളത്. (ശ്രദ്ധി

ക്കുക 1 തിമൊഥെയൊസ് 2:5-ൽ പൗലൊസ് - പൊതു വാക്കായ - *ആന്ത്രോപോസ്* ഉപയോഗിച്ചതു.) സ്ത്രീകൾ "പ്രാർത്ഥന നയിക്കുന്നതിൽ" ഉള്ള പ്രധാന ഘടകം സ്ത്രീകൾ സുവിശേഷകന്മാരും മൂപ്പന്മാരുമെന്നതുപോലെ സേവിക്കുന്നതുമായുള്ള ബന്ധത്തിൽ ഉള്ളതു തന്നെയാണ്. ഓരോ കാര്യത്തിലുമുള്ള പ്രശ്നം എന്തെന്നാൽ സ്ത്രീകൾക്കു എല്ലായിടത്തും *കീഴ്പ്പെട്ടിരുന്നു* ശുശ്രൂഷിക്കുവാൻ സാധിക്കുന്നില്ല (അതു 11 മുതൽ 15 വരെയുള്ള വാക്യങ്ങളിൽ പറയുന്നുണ്ട്). ചില സ്ഥലങ്ങളിൽ, അതായതു സമ്മിശ്ര സദസ്സിൽ, സ്ത്രീകൾക്കു "പ്രാർത്ഥന നയിക്കുവാൻ" പാടില്ല - ഇതു പറയപ്പെടുന്ന ഒരു പദ പ്രയോഗമാണ് - കീഴ്പ്പെട്ടിരിക്കുക എന്നത്. പൗലൊസ് പ്രൊപോസിഷണൽ ഫ്രെയിസ് "എല്ലായിടത്തും" എന്നത് ചേർത്തപ്പോൾ, ആ വസ്തുതകൊണ്ടാണ് അവൻ *ആൻഡ്രോസ്* ഉപയോഗിച്ചത്. എങ്ങനെയായാലും, പൗലൊസ് ഈ വാക്യത്തിൽ പുരുഷന്മാരെ താല്പര്യപൂർവ്വം സഹായിക്കുകയാണ്, അല്ലാതെ സ്ത്രീകളുടെ പ്രാർത്ഥനാജീവിതത്തെ കടിഞ്ഞാണിടുകയല്ല! [19]വിശുദ്ധമായ (ഗ്രീക്ക്.: *ഹോസിയോസ്*) - "... ശുദ്ധമായ ... ശരിയായ, ദൈവത്തിനും അവന്റെ നിയമത്തിനും അനുരൂപമായതുപോലെ ... ഭക്തിയുള്ള, ദൈവഭക്തിയുള്ള, ദൈവത്തോടുള്ള എല്ലാ കടമയും ശ്രദ്ധയോടെ ചെയ്യുന്ന" (റോബിൻസൺ, 520); "... ദൈവത്തെ പ്രസാദിപ്പിക്കൽ ... വിശുദ്ധമായ കുറ്റമില്ലാത്തതായ ഉദ്ദേശത്തോടെ ദൈവത്തെ ശുശ്രൂഷി [ക്കൽ] ..." (ആംണ്ട് ആന്റ് ജിംജ്റിച്ച്, 589). [20]ക്രോധം (ഗ്രീക്ക്.: *ഓർജെ*) - "എത്തിപ്പിടിക്കൽ ... ആവേശത്തിന്റെ ഫലമായി ഉണ്ടാകുന്ന സ്വഭാവം അല്ലെങ്കിൽ മനോഭാവം ... മനസ്സിന്റെ ഏതെങ്കിലും വൈകാരിക ഭാവം, അവജ്ഞ, കോപം, ക്രോധം, ... പ്രതികാരത്തിനും ശിക്ഷക്കുമുള്ള, വാഞ്ഛ ഉൾപ്പെടുന്നു" (റോബിൻസൺ, 514).

[21]തർക്കിക്കുക (ഗ്രീക്ക്.: *ഡയലോജിസ്മോസ്*) - "സത്യമായതിനെ എതിരിടൽ, ചോദ്യം ചെയ്യൽ ... ഉദാസീനത, സംശയിക്കൽ" (തേയർ, 139); "... ദുഷ്ടലാക്ക് അന്തർലീനമായിരിക്കുന്നു" (ജി. അബോട്ട് - സ്മിത്ത്, *ഏ മാനുവൽ ഗ്രീക്ക് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [എഡിൻബറോ, സ്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1948], 109); "... ദുർച്ചിന്തകൾ ... മോശമായ തീരുമാനങ്ങൾ എടുക്കുന്ന ന്യായാധിപന്മാർ ... തർക്കം" (ആംണ്ട് ആന്റ് ജിംജ് റിച്ച്, 185). [22]അലങ്കരിക്കുക (ഗ്രീക്ക്.: *കോസ്മിയോ*) - "ക്രമപ്പെടുത്തുക, ഏർപ്പെടുത്തുക, തയ്യാറാകുക, ഒരുക്കുക ... ആഭരണം അണിയിക്കുക, അലങ്കരിക്കുക ... നന്നായി ഏർപ്പെടുത്തുക, ആധുനികമെന്നു, തോന്നിക്കുക ... ഒരു മനുഷ്യൻ അലങ്കാരമായി ജീവിക്കുന്ന, ക്രമമുള്ള ജീവിതം നയിക്കുന്ന ..." (തേയർ, 356); ... സൗന്ദര്യവൽക്കരിക്കുക അല്ലെങ്കിൽ ആത്മിയമായി ആകർഷിക്കത്തക്ക, മതപരമായും, ധാർമ്മികമായും ... മതിപ്പുണ്ടാകത്തക്ക, അലങ്കാരം" (ആംണ്ട് ആന്റ് ജിംജ് റിച്ച്, 446). [23]വിലയുള്ള (ഗ്രീക്ക്.: *പൊല്യൂട്ടെലെസ്*) - "വിലയേറിയ ... വലിയ കാഴ്ച്ച ആവശ്യപ്പെടുന്ന, വളരെ വിലയുള്ള. ... ശ്രേഷ്ഠമായ, അല്ലെങ്കിൽ അതിരുകവിഞ്ഞ വിലയുള്ള" (തേയർ, 530). പിന്നിയ തലമുടി, സ്വർണ്ണം, അല്ലെങ്കിൽ മുത്തുകൾ എന്നിവയുടെ നിഷേധ പ്രസ്താവന ഇവയൊന്നും ഒട്ടും പാടില്ല എന്നല്ല. പൗലൊസ് ഉപയോഗിച്ച പദപ്രയോഗം ശ്രദ്ധിക്കുക. അതു ഒരു വാക്യാലങ്കാരമാണ് അതിൽ ഒരു നിഷേധ ഭാവവും ("അല്ല") ഒരു ഉറപ്പിക്കലും (അതിനെ തുടർന്ന് "എന്നാൽ") എന്നിവയെ താരതമ്യം ചെയ്തിരിക്കുന്നു. "അല്ല" എന്ന ക്രിയാവിശേഷണം നിഷേധിക്കുവാൻ ഉപയോഗിക്കുകയും "എന്നാൽ" എന്ന

സമുച്ചയ പദം ഉറപ്പിക്കുന്നതിനുമാണ് ഉപയോഗിച്ചിരിക്കുന്നത്. എന്തിനെയോ ഒഴിച്ചു നിർത്തിയിരിക്കുന്നതു (എന്നാൽ തികഞ്ഞ അർത്ഥത്തിൽ എടുക്കാൻ പാടില്ല) ക്രിയാവിശേഷണത്തിനുശേഷമുള്ളതിനെ ഉറപ്പിക്കുവാനാണ്. ഈ ഘടന ഉപയോഗിച്ചിരിക്കുമ്പോൾ, ഒരാൾ നിഷേധത്തെ തികഞ്ഞ അർത്ഥത്തിൽ എടുക്കുമ്പോൾ, അയാൾ അങ്ങേയറ്റത്തോളം പോകുവാനിടയാകും. അതു ചിത്രീകരിക്കുവാൻ, ഞാൻ പറഞ്ഞുകൊള്ളട്ടെ, "ഞാൻ വീട്ടിൽ പോകു*ന്നില്ല, എന്നാൽ* ഞാൻ ക്ലാസ്സിലേക്കാണ് പോകുന്നത്." അതിൽ നിന്നും ഞാൻ ഒരിക്കലും വീട്ടിൽ പോകുകയില്ല എന്നു നിങ്ങൾ തീർച്ചപ്പെടുത്തുമോ? ഞാൻ ഒന്നിനെ നിഷേധിക്കുന്നത് മറ്റൊന്നിനു ഊന്നൽ കൊടുക്കുവാനാണ്. ഭാഷ തികവുള്ളതാണെങ്കിലും ഞാൻ വീട്ടിലേക്കു പോകുന്നില്ല എന്നതു തികഞ്ഞ അർത്ഥത്തിലല്ല. അത്തരത്തിൽ ഉപയോഗമുള്ള വേദഭാഗങ്ങളായ യോഹന്നാൻ 6:27; 1 കൊരിന്ത്യർ 1:17; 1 പത്രൊസ് 3:3, 4; റോമർ 12:2; മത്തായി 6:19, 20, എന്നിവ ശ്രദ്ധിക്കുക അതുപോലെ 1 തിമൊഥെയൊസ് 2:9–13 ഉം ശ്രദ്ധിക്കുക. ഈ വേദഭാഗങ്ങളുമായുള്ള ബന്ധത്തിൽ ആളുകൾ ഒരു വ്യാഖ്യാനത്തോടുകൂടി പ്രതികരിച്ച് അതവരെ അങ്ങേയറ്റം വരെ കൊണ്ടെത്തിക്കുന്നു അതായത് ബാങ്കിൽ പണം നിക്ഷേപിക്കുവാൻ മടിക്കുന്നു (ഭൂമിയിൽ നിക്ഷേപിക്കുന്നത്), ചിലർ വിരക്തിയിലേക്കു മാറിയിട്ടുണ്ട് (കാരണം ഈ ലോകത്തിനു അനുരൂപപ്പെടരുത്), അല്ലെങ്കിൽ രക്ഷിക്കപ്പെടുവാൻ സ്നാനത്തിന്റെ ആവശ്യത്തെ എതിർക്കുന്നു (കാരണം പൗലൊസിനെ അയച്ചതു സ്നാനപ്പെടുത്തുവാനല്ല). ഈ മോശമായ പ്രവണതയെ 1 കൊരിന്ത്യർ 14:34–ൽ ബന്ധപ്പെടുത്തിയിട്ടുള്ളത്, 11 മുതൽ 15 വരെയുള്ള വാക്യങ്ങളിലുള്ളതായ സന്ദർഭത്തിൽ പരിഗണിക്കണം. ഈ വേദഭാഗത്തിൽ (2:9, 10), പൗലൊസ് പറയുന്നതു സ്ത്രീകൾ തങ്ങളെ അലങ്കരിക്കേണ്ടതു വിലയേറിയ വസ്തുക്കൾ കൊണ്ടല്ല മറിച്ചു നല്ല സ്വഭാവത്താലായിരിക്കണം, മുത്തുകളെക്കാളും സുഗന്ധ ലേപനങ്ങളെക്കാളും ഇന്ദ്രിയ - ജയവും നല്ല മനോഭാവവുമാണാവശ്യം. ആദ്യം ചെയ്യേണ്ടതു ആദ്യം ചെയ്യുക. ദൈവത്തിനു മഹത്വം കൊടുക്കുന്ന ഒരു സമതുലനാവസ്ഥയിലുള്ള ജീവിതം നയിക്കുക. [24]യോഗ്യമായ വസ്ത്രം നിർണ്ണയിക്കുന്നതു സംസ്ക്കാരമാണോ? ചില വസ്ത്രം ഒരു കാലത്തു യോഗ്യവും മറ്റൊരു കാലത്തു അയോഗ്യവുമാകുമോ? ഒരു രാജ്യത്തിൽ യോഗ്യമായ വസ്ത്രം (അല്ലെങ്കിൽ ഒരു രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്ത്) മറ്റൊരു രാജ്യത്തിൽ അയോഗ്യമായിരിക്കുമോ? ഒരവസരത്തിൽ ചില വസ്ത്രം യോഗ്യവും മറ്റു ചിലപ്പോൾ അതു അയോഗ്യവുമാകുമോ? *ഇതാ ഒരു പ്രധാനപ്പെട്ട ചോദ്യം*: ചില വസ്ത്രങ്ങൾ എല്ലായ്പ്പോഴും യോഗ്യവും മറ്റു ചിലതു പരസ്യമായി ഉപയോഗിക്കുന്നതു അയോഗ്യവുമാണോ? ചോദ്യം ചെയ്യാവുന്ന വസ്ത്രധാരണം ഒരു ക്രിസ്ത്യാനി നടത്താമോ (1 തെസലൊനിക്യർ 5:21, 22)? [25]ദൈവ ഭക്തി (ഗ്രീക്ക്.: *തെയോസെബിയ*) - "... ദൈവത്തോടു, മതഭക്തിയോടു, മതത്തോടുള്ള ആദരവു" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 358). [26]യോഗ്യമായ (ഗ്രീക്ക്.: *എയിഡോസ്*) - "... ലജ്ജയുടെ വികാരം, ... ആദരവു. ... ലജ്ജിക്കത്തക്ക പ്രവൃത്തിയെ ഒഴിവാക്കുന്നതു എല്ലായ്പ്പോഴും [മനോഭാവമാണ്] എന്നു പറയപ്പെടുന്നു ... [മനോഭാവം] ആണ് ഒരു നല്ല മനുഷ്യനെ അയോഗ്യ പ്രവൃത്തി ചെയ്യുന്നതിൽ നിന്നു തടയുന്നതു" (തേയർ, 14). [27]വിവേകം (ഗ്രീക്ക്.: *സോഫ്രോസുനേ*) - "ശക്തമായ മനസ്സ്, നല്ല ബോധം, മനഃസ്വാസ്ഥ്യം ... ഇന്ദ്രിയ - ജയം, സുബോധം" (അബോട്ട് - സ്മിത്ത്, 438). [28]ശീലിക്കുക (ഗ്രീക്ക്.: *മാന്തനോ*) -

"... ഒരാളുടെ പരിജ്ഞാനം വർദ്ധിപ്പിക്കുക ... ക്രിസ്തുവിന്റെ പരിജ്ഞാനത്തെ പരിശീലിക്കുക ... വിവരങ്ങൾ കേൾക്കുക, അറിയുക, ... ഉപയോഗത്താലും പരിശീലനത്താലും പഠിക്കുക" (തേയർ, 388–89). [29]താഴെ കൊടുത്തിരിക്കുന്ന "ശാന്തത" എന്ന വാക്കിന്റെ നിർവ്വചനങ്ങൾ ശ്രദ്ധിക്കുക (ഗ്രീക്ക്.: *ഹെസൂക്കിയ*) – "ശാന്തത: തന്റെ വീട്ടിൽ കഴിഞ്ഞ് സ്വന്ത ജോലിയിൽ മുഴുകുകയും, മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടാതിരിക്കുകയും ചെയ്യുന്ന ഒരാളിന്റെ ജീവിത വിവരണം. ... നിശബ്ദത" (തേയർ, 281); "... ശാന്തത, സ്വസ്ഥത, വിശ്രമം ... ശാന്തമായ ജീവിതം ... സ്വച്ഛത" (റോബിൻസൺ, 327); "നിശബ്ദാവസ്ഥ നിലനിർത്തുക, ഉൾപ്പെട്ടിരിക്കുന്ന മനോഭാവത്തിന് സാധ്യമായ ശ്രദ്ധയോടെ – ഒന്നും പറയാതിരിക്കുക, ശാന്തമായിരിക്കുക" (ജോഹന്നെസ് പി. ലൗ ആന്റ് യൂജീൻ എ. നിഡ, *ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: യൂണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1989, (33, 119)], 2:402. [30]കീഴടങ്ങൽ (ഗ്രീക്ക്.: *ഹൂപോറ്റാസോ*) – "കീഴിലായി ഏർപ്പെടുത്തുക, കീഴിലായിരിക്കുക; ... ഒരാളുടെ സ്വയത്തെ കീഴ്പ്പെടുത്തുക, അനുസരിക്കുക; ഒരാളുടെ നിയന്ത്രണത്തിനു കീഴ്പ്പെടൽ; ഒരാളുടെ ഗുണദോഷിക്കലിനോട് അല്ലെങ്കിൽ ഉപദേശത്തോട് പറ്റിച്ചേരുക" (തേയർ, 645).

[31]അധികാരം ഉപയോഗിക്കൽ (ഗ്രീക്ക്.: *ഓദെന്റിയോ*) – "മുകളിൽ അധികാരം ചെലുത്തുക ... 1 തിമൊ. 2:12" (റോബിൻസൺ, 106). ചില അവസരത്തിൽ സ്ത്രീകൾക്കു ഉപദേശിപ്പാൻ അവസരം ഉള്ളതിനാൽ, എപ്പോഴെങ്കിലും സ്ത്രീക്കു പുരുഷന്റെ മേൽ "ആധിപത്യം" (അല്ലെങ്കിൽ അധികാരം) നടത്താമോ, അതോ ആ സന്ദർഭത്തിലെ "ഇല്ല" എന്നതു തികഞ്ഞ സത്യമാണോ? ഒരു സ്ത്രീക്കു *സത്യം പങ്കിടുന്നതിലൂടെ* ഒരു പുരുഷനെ നയിക്കാമോ (നോക്കുക പ്രവൃത്തികൾ 18:24–26)? ഒരു സ്ത്രീക്കു ബൈബിൾ ക്ലാസിലെ ഒരു ചോദ്യത്തിനു മറുപടി പറഞ്ഞുകൊണ്ട് ഒരു പുരുഷനെ സത്യത്താൽ നയിക്കാമോ? സ്ത്രീകൾക്കു അതിഥികളെ (പുരുഷന്മാരടക്കം) അവർ ശരിയായ സ്ഥാനത്ത് ഇരിക്കേണ്ടതിന് ഇരിപ്പിടത്തിലേക്ക് സ്വീകരിക്കാമോ? ഒരാൾക്ക് കീഴ്പ്പെട്ടിരിക്കാനും അതേ സമയം മറ്റൊരാളെ നയിക്കുവാനും കഴിയുമോ? ഒരു സ്ത്രീയെ സുവിശേഷ പ്രവർത്തനത്തിനു തിരുവെഴുത്തു വിലക്കുന്നു (കാരണം ആ പ്രവൃത്തിയുടെ സ്വഭാവമാണ് [തിത്തൊസ് 1:5; 2 തിമൊഥെയൊസ് 4:2–5; 1 തിമൊഥെയൊസ് 1:3–5]) അതുപോലെ ഒരു മൂപ്പൻ ആകുന്നതിൽ നിന്നും അവളെ വിലക്കുന്നു (അല്ലെങ്കിൽ അദ്ധ്യക്ഷയാകുന്നതിനു, കാരണം അതിന്റെ യോഗ്യതകളും ആ പ്രവൃത്തിയുടെ സ്വഭാവവുമാണ് [1 തിമൊഥെയൊസ് 3:2; തിത്തൊസ് 1:5–9; 1 തെസലൊനിക്യർ 5:12; എബ്രായർ 13:17]). എങ്ങനെയായാലും, കർത്താവു അവരിൽ നിന്നു ആഗ്രഹിക്കുന്ന സൽപ്രവൃത്തികളിൽ നിന്നു അവരെ മാറ്റി നിർത്താതിരിക്കുവാൻ നാം ശ്രദ്ധിക്കണം. [32]മക്കളെ പ്രസവിക്കൽ (ഗ്രീക്ക്.: *ഡയാറ്റെസ് ടെക്നൊ ഗൊനിയാസ്*) – ജെനിറ്റിവ്, ഫെമിനീൻ. [33]ഈ വീക്ഷണം വ്യക്തമാക്കിയിട്ടുള്ളത് വിക്ടർ ഹോവെന്റെ, *ദ ന്യൂ ടെസ്റ്റമെന്റ് എപ്പിസ്റ്റിൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1959), 90, ആന്റ് ചാൾസ് ജെ. എല്ലിക്കോട്ട്, *എല്ലിക്കോട്ട്സ് കമ്മെന്ററീസ് ഓൺ ദ എപ്പിസ്റ്റിൽസ് ഓഫ് സെയിന്റ് പോൾ*, വാല്യം. 2, ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ഫിലെമോൻ, 1 തിമൊഥി, 2 തിമൊഥി, ടൈറ്റസ് (ഫിലഡെൽഫിയ: വാറെൻ എഫ്. ഡ്രാപ്പെർ, 1868), 54. [34]വിശുദ്ധീകരണം (ഗ്രീക്ക്.: *അജിയാസ്മോസ്*) – "ശുദ്ധീകരണം" (തേയർ, 6).